Only Positive...

JUNE 2023

# ഒപ്പം®

Vol:6 | Issue:1



# ഇനി വിജയത്തിലേക്ക് പുതിയൊരു കുതിപ്പ്

ഷാജി മാലിപ്പാറ



# ഇഷ്ടമുണ്ടായാൽ...

*ഒരു വിദ്യാലയം തുറക്കുന്നവൻ ഒരു കാരാഗൃഹം അടയ്ക്കുകയാണ് ചെയ്യുന്നത് - വിക്ടർ ഹ്യൂഗോ.*

കേവലം അറിവിനപ്പുറം സമഗ്രമായ വികസനത്തിലൂടെ നെറിവുള്ള തലമുറകളെ രൂപപ്പെടുത്താനുള്ള ഇടമാണ് വിദ്യാലയങ്ങൾ. എന്നാൽ ഈ ലക്ഷ്യം സാധിക്കുന്നതിൽ വിദ്യാലയങ്ങൾ വിജയിക്കുന്നുണ്ടോ എന്ന സന്ദേഹം ഇന്ന് ശക്തമാണ്. പഠിച്ച കുറ്റവാളികളും ബുദ്ധിയുള്ള ഭോഷന്മാരും വരുത്തിവയ്ക്കുന്ന കുഴപ്പങ്ങൾ ചില്ലറയൊന്നുമല്ലല്ലോ.

പുതിയൊരു അധ്യയനവർഷത്തെ വരവേൽക്കുമ്പോൾ, പരീക്ഷാവിജയത്തോടൊപ്പം സമ്പൂർണ്ണവളർച്ചയ്ക്കുള്ള വഴികളെയും നാം സ്വപ്നം കാണണം. അധ്യാപകരും രക്ഷിതാക്കളും സർക്കാരും സമൂഹവുമെല്ലാം ഇക്കാര്യത്തിൽ കുട്ടികളെ പിന്തുണയ്ക്കണം. ശുഭപ്രതീക്ഷകളോടെ കുഞ്ഞുങ്ങളെ പഠിക്കാനയയ്ക്കുന്ന രക്ഷിതാക്കളോടുള്ള ഒരു നിർദ്ദേശമാണ് ഈ കുറിപ്പിലുള്ളത്.

എൽ.കെ.ജി മുതൽ എം.ബി.ബി.എസ് വരെ അഡ്മിഷൻ നേടുന്ന കാലങ്ങളിൽ നമ്മുടെ മാതാപിതാക്കൾക്ക് വലിയ ഉത്ക്കണ്ഠയാണ്. ആഗ്രഹിക്കുന്ന സ്ഥാപനങ്ങളിൽ മക്കൾക്ക് അഡ്മിഷൻ ലഭിക്കുന്നതിന് എത്രയെത്ര വഴികളാണ് തേടുന്നത്! എത്രയാണ് പ്രാർത്ഥിച്ചുകൂട്ടുന്നത്! അവർക്ക് അഡ്മിഷൻ കിട്ടി. അത്രയും മതിയോ? മാതാപിതാക്കൾക്ക് ഇഷ്ടപ്പെട്ട സ്ഥാപനമാണത്. ശരിതന്നെ. അവിടെ പഠിക്കേണ്ട കുട്ടികൾക്ക് അത് ഇഷ്ടമായോ? ഇക്കാര്യം അവരോടു ചോദിക്കണം. അവർ പഠിക്കുന്ന ഇടം അവർക്കിഷ്ടപ്പെടാൻ ആവുന്നതെല്ലാം ചെയ്യണം. അഡ്മിഷനുവേണ്ടി ചെയ്തതിനേക്കാൾ പ്രധാനമാണത്.

ഇഷ്ടപ്പെടാത്ത സ്ഥലത്തും ഇഷ്ടമില്ലാത്ത ആളുകൾക്കിടയിലും കുട്ടികൾ അസ്വസ്ഥരായിരിക്കും. അതു പഠനത്തെയും വളർച്ചയെയും ബാധിക്കും. പാകതയില്ലാത്ത പഠനവും വിശുദ്ധിയില്ലാത്ത വിജയവും എവിടെയും പ്രശ്നങ്ങൾ സൃഷ്ടിക്കും. അതിനാൽ അധ്യാപകർ, ഇതര ജോലിക്കാർ, സഹപാഠികൾ, കൂട്ടുകാർ എന്നിവരെ ഇഷ്ടപ്പെടാൻ വേണ്ടി നാം ശമിക്കണം. വിദ്യാലയത്തിന്റെ അന്തരീക്ഷം, ഭൗതികസാഹചര്യങ്ങൾ എന്നിവയൊക്കെ കുട്ടിക്ക് ഇഷ്ടമാകണം. രക്ഷിതാക്കളുടെ ഇഷ്ടത്തേക്കാൾ പ്രധാനമാണിത്.

അതിനൊരു എളുപ്പമാർഗം ഇതാണ്: മക്കളുടെ വിദ്യാലയത്തെയും അവിടെയുള്ള വ്യക്തികളെയും മാതാപിതാക്കൾ ഹൃദയപൂർവം സ്നേഹിക്കുക, അവരെക്കുറിച്ച് നല്ലതു പറയുക. അത് കുട്ടികളിലേക്ക് പ്രസരിക്കും. അതവരിൽ വിസ്മയകരമായ മാറ്റങ്ങൾ കൊണ്ടുവരും.



EDITORIAL

# വിജയത്തിന് പുതിയ നിർവചനങ്ങൾ

മകന്റെ വർഷാവസാന പരീക്ഷയുടെ മാർക്ക്‌ലിസ്റ്റിൽ ഒപ്പിടാൻപോയ ഒരു അപ്പൻ. എല്ലാ വിഷയത്തിലും A+ വേണമെന്ന് ആഗ്രഹിക്കുന്ന ഭൂരിപക്ഷം പേരന്റിനെയും പോലെയായിരുന്നു അയാളും. പക്ഷേ താൻ പ്രതീക്ഷിച്ചതുപോലെയോ മുൻ എക്സാമുകളിലേതുപോലെയോ മാർക്ക് മകനില്ലെന്നറിഞ്ഞപ്പോൾ അയാളുടെ മുഖത്തിന് മങ്ങലേറ്റിരുന്നു. അയാളെയും സാഹചര്യങ്ങളെയും നല്ലതുപോലെ അറിയാവുന്ന അധ്യാപിക അപ്പോൾ പ്രതികരിച്ചത് ഇങ്ങനെയാണ്: ''നിങ്ങളുടെ മകന് ഫുൾ A+ ഇല്ലെന്നത് ശരി. പക്ഷേ അവന്റെ ക്യാരക്ടർ, പേഴ്സണാലിറ്റി മികച്ചതാണ്. ഇന്നത്തെ കാലത്ത് ജോലി കിട്ടാൻ, പരീക്ഷയിലെ മാർക്കിനെക്കാൾ ഗുണം ചെയ്യുന്നത് അതാണ്. അതുകൊണ്ട് അങ്ങനെയൊരു മകനെ കിട്ടിയതിൽ നിങ്ങൾ സന്തോഷിക്കുകയാണ് വേണ്ടത്.''

വീട്ടിലെത്തിയപ്പോൾ മകന്റെ മനസ്സ് അറിയുന്നതിനായി അയാൾ ചോദിച്ചു: ''നിനക്ക് മാർക്ക് കുറവാണല്ലോ.''

മകന്റെ മറുപടി ഇങ്ങനെയായിരുന്നു: ''ഉത്തരങ്ങൾ എഴുതിയതിൽ എനിക്ക് മാർക്ക് കുറവാണെങ്കിലും എനിക്ക് വിഷയം അറിയാം അച്ഛാ. മാത്രവുമല്ല എല്ലാറ്റിനും ഫുൾമാർക്ക് മേടിക്കണം എന്ന് പറഞ്ഞ് അച്ഛനൊരിക്കലും എന്നെ ബുദ്ധിമുട്ടിച്ചിട്ടുമില്ലല്ലോ. എന്നും ഞാൻ മാത്രം ഫസ്റ്റ് മേടിച്ചാൽ പോരല്ലോ വേറെയുള്ളവരും കപ്പടിക്കട്ടെയച്ഛാ...'' മകനെ തന്നോട് ചേർത്ത് വരിഞ്ഞുമുറുക്കുമ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞിട്ടുണ്ടായിരുന്നു.

പരീക്ഷയിൽ മാർക്കു കുറഞ്ഞതിന്റെയും ബിസിനസിൽ പരാജയപ്പെട്ടുപോയതിന്റെയും അഭിമുഖപ്പരീക്ഷയിൽ പിന്തള്ളപ്പെട്ടുപോയതിന്റെയും പേരിൽ ആത്മഹത്യ ചെയ്യുന്നവരുടെയും നിരാശയിലും വേദനയിലും കഴിയുന്നവരുടെയും ലോകമാണ് ഇത്. ആത്യന്തികമായി എല്ലാവരും വിജയിക്കാനും ഒന്നാമതെത്താനും ആഗ്രഹിക്കുന്നവരാണ്. അത്തരം ശ്രമങ്ങൾ ഉണ്ടാവേണ്ടതു നല്ലതുമാണ്. എങ്കിലും പരീക്ഷയിലെ മാർക്കും അഭിമുഖപ്പരീക്ഷയിലെ ഒന്നാം സ്ഥാനവും മാത്രമല്ല ജീവിതവിജയത്തിന്റെ അടിസ്ഥാനമെന്ന് നാം മനസ്സിലാക്കണം.

*വിജയങ്ങളെ മറ്റൊരു കാഴ്ചപ്പാടിൽ നോക്കിക്കാണാനുള്ള ശ്രമമാണ് ഈ ലക്കം ഒപ്പം നടത്തുന്നത്. മികച്ച എഴുത്തുകാരെയാണ് ഈ ലക്കത്തിൽ അതിനായി ഉപയോഗിച്ചിരിക്കുന്നതും. വിജയത്തിന്റെ അടിസ്ഥാനഭാവത്തെ നിഷേധിക്കാതെ തന്നെ പുതിയ രീതിയിൽ വിജയങ്ങളെ നോക്കിക്കാണാൻ അവരെഴുതിയ ഈ ലേഖനങ്ങൾ ഏറെപ്പേരെ പ്രചോദിപ്പിക്കും എന്ന് പ്രതീക്ഷിക്കുന്നു.*

ആശംസകളോടെ
**വിനായക് നിർമ്മൽ**
എഡിറ്റർ ഇൻ ചാർജ്

**OPPAM**
Only Positive...

Vol: 6 | Issue: 1 | Page: 24
June 2023

Website: www.oppammagazine.com
E mail: oppammagazine@gmail.com
oppammagazine
oppammagazine
oppammagazine

OPPAM

Managing Director: Dr Antoney P Joseph
Botswana
(Gaborone University College of Law & Professional Studies)
Managing Editors: Benny Abraham, Mariyamma George, Alleppey
Chief Editor: Latnus K.D.

Production Team

Editor in charge : Vinayak Nirmal
Sub Editor: Lincy Jijo
Printed & Published by : Shoby G.V.
Circulation Manager: Antony E.C. Kottamuri
Design : Abraham Thomas

Office

Oppam Magazine
Jominas Building
Nr. SNBS L.P School
Pullur P.O, Thrissur Dt.
Kerala, India, Pin: 680683

For Donation

OPPAM MAGAZINE
A/C No: 12790200319046
FEDERAL BANK
BRANCH: IRINJALAKKUDA
IFSC: FDRL0001279

Printed at

Don Bosco Igact, Kochi-28

ഒപ്പം വാട്സാപ്പ് നമ്പർ - 9207693935
ഒപ്പം മാസികയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും ഈ വാട്സാപ്പ് നമ്പർ ഉപയോഗിക്കാൻ ശ്രദ്ധിക്കുമല്ലോ?

നൗജിൻ വിതയത്തിൽ

ചൈനീസ് ഇ- കൊമേഴ്സ് സ്ഥാപനമായ 'ആലിബാബ' ഗ്രൂപ്പിന്റെ സ്ഥാപകൻ ജാക്ക് മായുടെ ജീവിതത്തെകുറിച്ച് ഈയിടെ സോഷ്യൽ മീഡിയയിൽ വളരെ ചർച്ച ചെയ്യുകയുണ്ടായി. പരാജയങ്ങളുടെ ഒരു ഘോഷയാത്രയായിരുന്നു ആ ജീവിതം. സ്കൂൾ പഠന ക്ലാസ്സുകളിൽ തുടരെ തുടരെ പരാജയങ്ങൾ. 30 തവണയിലധികം ഇന്റർവ്യൂകളിൽ അദ്ദേഹം തഴയപ്പെട്ടു. കെ.എഫ്.സി റസ്റ്റോറന്റിൽ അദ്ദേഹത്തോടൊപ്പം ജോലി അന്വേഷിച്ചു വന്ന 23 പേർക്കും

# വിജയി ഏകനല്ല

**വിജയം എന്ന് പറയുന്നത് എല്ലാവരും ഒരുമിച്ച് പങ്കിടുവാനുള്ളതാണ്. അപ്പോൾ ആണ് അത് കൂടുതൽ മനോഹരമാകുന്നത്.**



> *വേദന താല്ക്കാലികമാണ്, വിജയമാവട്ടെ എന്നേയ്ക്കുമുള്ളതും*

ആ ജോലി കിട്ടിയപ്പോൾ 'അഴകില്ലാത്തവൻ' എന്ന് പറഞ്ഞു ആ ജോലിയും അദ്ദേഹത്തിന് നിഷേധിക്കപ്പെട്ടു. ഒടുവിൽ സ്വന്തമായി ഒരു സ്റ്റാർട്ടപ്പ് തുടങ്ങിയെങ്കിലും അതിലും കാര്യമായി നേട്ടം ഉണ്ടാക്കാനായില്ല. ഒടുവിലാണ് ഇന്റർനെറ്റിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തി അദ്ദേഹം ഇ-കൊമേഴ്സ് രംഗത്തു ചുവടു വെക്കുന്നത്.

ഒന്നുമില്ലായ്മയിൽ നിന്നും തുടങ്ങി ലോകത്തിലെ തന്നെ നമ്പർ വൺ കമ്പനിയായി പിന്നീട് ജാക്ക് മായുടെ 'ആലിബാബ' ഗ്രൂപ്പ് മാറുകയും ലോക അതിസമ്പന്നരുടെ പട്ടികയിൽ അദ്ദേഹത്തിന്റെ പേര് ചേർക്കപ്പെടുകയും ചെയ്തു. ഒരു ഇന്റർനാഷണൽ ചാനലുമായുള്ള ഒരു അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: ''വിജയം എന്നത് ഒരല്പം ദുഷ്ക്കരമായ കാര്യമാണ്. പക്ഷെ നിങ്ങൾ കുറച്ചു കൂടി ശുഭാപ്തി വിശ്വാസം ഉള്ളവരായി മാറണം . ഞാൻ വിജയിച്ചു എന്നതിലല്ല എന്നോടൊപ്പം ആയിരക്കണക്കിന് സഹപ്രവർത്തകർ എന്റെ വിജയത്തിൽ പങ്കുപറ്റി എന്നതാണ് എനിക്ക് കൂടുതൽ സന്തോഷം നൽകുന്നത്. ഞാൻ ഒറ്റയ്ക്കല്ല, ഞങ്ങൾ ഒരുമിച്ചാണ് വിജയത്തിലേക്ക് നടന്നു കയറുന്നത്.'' തന്നെ വിജയത്തിലേക്ക് കൈപിടിച്ചു കയറ്റിയ തന്റെ സഹപ്രവർത്തകരുടെ അധ്വാനത്തെയും കഴിവിനെയും പ്രശംസിച്ചു കൊണ്ടാണ് അദ്ദേഹം ആ അഭിമുഖം അവസാനിപ്പിക്കുന്നത്.

വിജയിച്ചവരെ മാത്രം ഉയർത്തിക്കാട്ടുകയും സമ്മാനിതരാക്കുകയും പരാജിതരെ അവഗണിക്കുകയും ചെയ്യുന്ന ഒരു ലോകമാണ് നമ്മുടേത്. ഏതു രംഗത്തയാലും ഒന്നാമത് എത്തുന്നവൻ മാത്രമാണ് പരിഗണിക്കപ്പെടുന്നത്. ഒരു ഒളിമ്പിക്സ് മെഡൽ ദാന ചടങ്ങു തന്നെ എടുക്കുക. ആദ്യ മൂന്ന് സ്ഥാനത്തു എത്തിയവർ മെഡൽ സ്വീകരിക്കാനായി തല കുനിക്കുമ്പോൾ അതിലും കുനിഞ്ഞ ശിരസുമായി അപ്പുറത്ത് നിൽക്കുന്ന നാലാം സ്ഥാനക്കാരനെ ആരും ഓർമിക്കുന്നു പോലുമുണ്ടാകില്ല.

നമ്മുടെ ജയപരാജയ മാനദണ്ഡങ്ങളിൽ ഒരുപാട് തിരുത്തലുകൾ ആവശ്യപ്പെടുന്ന ഒരു കാലഘട്ടമാണ് ഇത് എന്ന് തോന്നുന്നു.

പ്രാഞ്ചിയേട്ടനിലെ പുണ്യാളൻ ചോദിക്കും പോലെ: ''എന്താണ് പ്രാഞ്ചി വിജയവും പരാജയവും? വിജയിച്ചു എന്ന് നമ്മൾ കരുതുന്നവർ യഥാർത്ഥത്തിൽ വിജയിച്ചവരാണോ? അല്ലെങ്കിൽ പരാജയപ്പെട്ടു എ ന്നു നാം കരുതിയവർ ശരിക്കും പരാജയപ്പെട്ടവരോ?''

**വിജയിച്ചവരെ മാത്രം ഉയർത്തിക്കാട്ടുകയും സമ്മാനിതരാക്കുകയും പരാജിതരെ അവഗണിക്കുകയും ചെയ്യുന്ന ഒരു ലോകമാണ് നമ്മുടേത്. ഏതു രംഗത്തയാലും ഒന്നാമത് എത്തുന്നവൻ മാത്രമാണ് പരിഗണിക്കപ്പെടുക.**

പലപ്പോഴും വലിയ പേരും പ്രശസ്തിയും കെട്ടിപ്പൊക്കിയ കെട്ടിടങ്ങളും ഉയർന്ന ബാങ്ക് ബാലൻസും ഷെയർ മാർക്കറ്റ് നിക്ഷേപങ്ങളും വലിയ യാത്രാ സൗകര്യങ്ങളും സൗഹൃദങ്ങളും മാത്രം വിജയത്തി



> *ഐക്യം എവിടെയുണ്ടോ അവിടെ വിജയമുണ്ട്*

ന്റെ ചില ലക്ഷണങ്ങളായി നമ്മൾ വിലയിരുത്താറുണ്ട്. എന്നാൽ വിജയം എന്ന് പറയുന്നത് അത് മാത്രമാകണം എന്നില്ല. അല്ലെങ്കിൽ ഇത് ഉള്ളവരെല്ലാം ജീവിതത്തിൽ വിജയിച്ചു എന്ന് പറയാനും സാധിക്കില്ല. വിജയം എന്നത് ഇതിനപ്പുറമാണ്.

ഒരു ശരാശരി ഗൾഫ് മലയാളിയുടെ ജീവിതം വരച്ചു കാണിക്കുന്ന മലയാള ചലച്ചിത്രമാണ് സലിം അഹമ്മദ് സംവിധാനം ചെയ്ത 'പത്തേമാരി'. അതിലെ പള്ളിക്കൽ നാരായണൻ എന്ന നായക കഥാപാത്രം വിജയത്തെ വിവരിക്കുന്നത് ഇപ്രകാരമാണ്: 'നമുക്കു ചുറ്റുമുള്ള ആളുകൾ നമ്മൾ മൂലം സന്തോഷിക്കുന്നുണ്ടെങ്കിൽ ഒരു ദിവസം എങ്കിലും സ്വസ്ഥമായിട്ട് ഉറങ്ങുന്നുണ്ടെങ്കിൽ അത് തന്നെയാണ് നമ്മുടെ ജീവിതത്തിന്റെ വിജയം എന്ന്'. അതായത് നമ്മുടെ ജീവിതം എത്രത്തോളം മറ്റുള്ളവർക്ക് ഉപകാര പ്രദമാണ്, അത്രത്തോളം അതു വിജയിച്ചതുമാണ് എന്നു വിലയിരുത്താം.

വർഷങ്ങൾക്കു മുമ്പ് നടന്ന പെരുമൺ തീവണ്ടി ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ട ഒരു വ്യക്തി ഒരു ചെറുപ്പക്കാരനെക്കുറിച്ച് പറയുന്നതിപ്രകാരമാണ്. തന്നെയടക്കം ഏഴു പേരുടെ ജീവിതങ്ങളെ കരയിൽ അടുപ്പിച്ച ശേഷമാണ് അയാൾ ആ നദിയുടെ ആഴങ്ങളിൽ അലിഞ്ഞു പോയതെന്ന്. അങ്ങനെ മറ്റുള്ളവർക്കുവേണ്ടി കൂടി ജീവിച്ചു മരിക്കുന്നതും ചില വിജയ സാധ്യതകൾ ആണ് എന്നൊരു തിരിച്ചറിവ് ഉണ്ടാകുന്നത് നല്ലതാണ്.



പക്ഷേ, അങ്ങനെ ഒരു അറിവ് ഒരിക്കലും നമ്മുടെ കുട്ടികൾക്ക് അവരുടെ പരിശീലന കാലത്തു ലഭിക്കുന്നില്ല എന്നതാണ് സങ്കടം. പലപ്പോഴും മത്സരങ്ങൾക്കെല്ലാം മുന്നിലെത്താനും ഒന്നാമതെത്താനും വിജയിച്ചു നിൽക്കുവാനുമാണ് നമ്മുടെ മക്കളെ പഠിപ്പിക്കുന്നത്. ഒരു കാലഘട്ടത്തിൽ 'A' എന്ന് തുടങ്ങുന്ന ആൽഫബെറ്റിൽ മക്കൾക്ക് പേരിടാൻ പോലും മാതാപിതാക്കൾ മത്സരിക്കുമായിരുന്നു. കാരണം പേരുവിളിയിൽ പോലും അവർ ഒന്നാമതായി നിൽക്കണമല്ലോ! പരീക്ഷയിൽ 50ൽ 48 മാർക്ക് കിട്ടിയ കുട്ടി പോലും അടുത്തിരിക്കുന്നവന് 49 ഉണ്ടെന്നറിഞ്ഞാൽ സങ്കടപ്പെടുന്നു. അത്രമേൽ മത്സരബുദ്ധിയാണ് ബാല്യകാലം മുതൽ കുട്ടികളിൽ കുത്തിനിറയ്ക്കുന്നത്. വിജയത്തിന്റെ മാനദണ്ഡങ്ങളിൽ ചില മാറ്റം വരുത്തുന്നത് നല്ലതാണ് എന്നു തോന്നുന്നു. ആരും ഒറ്റയ്ക്കല്ല വിജയത്തിന്റെ പടവുകൾ കയറേണ്ടത് എന്നു  മക്കളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു.

ഒരു പഴയ കഥ കേട്ടിട്ടുണ്ട്, മാനസിക വൈകല്യം ഉള്ളവരുടെ ഓട്ടമത്സരമാണ്. വാശിയേറിയ മത്സരത്തിൽ കുട്ടികൾ ഒരുമിച്ചു ഓടുകയാണ്. ഏതാണ്ട് പകുതി ദൂരം പിന്നിട്ടപ്പോൾ ഒരാൾ വീഴുന്നു. മറ്റുള്ളവർ ഏതാനും ചുവടു കൂടി മുന്നോട്ട് വെച്ചതിനുശേഷം ഒന്ന് നിൽക്കുകയാണ്. പിന്നീട് അവർ തിരിച്ചു വന്ന് വീണവനെ പിടിച്ച് എഴുന്നേൽപ്പിക്കുന്നു. എന്നിട്ട് അവർ ഒന്നിച്ച് കൈകോർത്തുപിടിച്ച് ഓടുകയും ഒരുമിച്ച് ഫിനിഷിംഗ് ലൈൻ മറികടക്കുകയും ചെയ്യുന്നു. ഇതുകണ്ട് കാണികൾ എണീറ്റ് നിന്ന് കയ്യടിച്ചു.

ജീവിതവും ഇതുപോലെ തന്നെയാണ്. ഒറ്റയ്ക്കുള്ള സന്തോഷങ്ങൾക്ക് അല്പായുസ്സാണ്. വിജയം എന്ന് പറയുന്നത് എല്ലാവർക്കും ഒരുമിച്ച് പങ്കിടാനുള്ളതാണ്. അപ്പോൾ ആണ് അത് കൂടുതൽ മനോഹരമാകുന്നത്. അതായത്, വിജയി ഏകനല്ല എന്നു ചുരുക്കം. No one is safe until everyone എന്നു പറയാറില്ലേ? അതു തന്നെ കാര്യം.

> ***വിശ്വാസിയുടെ വിജയങ്ങളിൽ മാത്രമല്ല പരാജയങ്ങളിലും ദൈവം കൂടെയുണ്ടാകും***

ബിബിൻ ഏഴുപ്ലാക്കൽ

# വരൂ... ഇനി അല്പം തോൽക്കാം...!

**തോൽവിയിലും വിജയിക്കുന്ന മനുഷ്യർ. മറ്റുള്ളവരുടെ വളർച്ചയിൽ അല്പമെങ്കിലും പുഞ്ചിരി ഉള്ളിൽ നിറയുന്നുണ്ടോ...?**

ലോകജനതയെ മുഴുവൻ ഇരുത്തി ചിന്തിപ്പിച്ച ഒരു ഫോട്ടോയുണ്ട്!

ഒരു അന്താരാഷ്ട്ര ഓട്ടമത്സരത്തിൽ കെനിയയെ പ്രതിനിധീകരിച്ചിരുന്ന അത്‌ലറ്റ് ആബേൽ മുത്തായും സ്പാനിഷ് അത്‌ലറ്റ് ഇവാൻ ഫർണാണ്ടസുമാണ് ആ ഫോട്ടോയിൽ.

ഫിനിഷിങ്ങ് ലൈനിന്റെ സൈനേജ് (അടയാളം) തിരിച്ചറിയുന്നതിൽ വന്ന ആശയക്കുഴപ്പം കാരണം താൻ ഒന്നാമതെത്തിക്കഴിഞ്ഞുവെന്ന തെറ്റിദ്ധാരണ മൂലം ഫിനിഷിങ് പോയന്റിന് മുൻപായി ആബേൽ ഓട്ടം അവസാനിപ്പിച്ചു....!

എന്നാൽ തൊട്ടുപിന്നിൽ ഓടിവരുന്ന സ്പാനിഷ് അത്‌ലറ്റ് ഇവാൻ ഫർണാണ്ടസിന് കാര്യം പിടികിട്ടി. അദ്ദേഹം ആ കെനിയക്കാരനോട് ഓട്ടം തുടരാൻ ഉറക്കെ വിളിച്ചു പറഞ്ഞു....!

എന്നാൽ സ്പാനിഷ് ഭാഷ അറിയാത്തതുകൊ



> *വിത്ത് വൃക്ഷമാകാൻ നീണ്ടവർഷങ്ങളുടെ കാത്തിരിപ്പ് ആവശ്യമായിരിക്കുന്നതുപോലെ തന്നെ വിജയിക്കാനും കാത്തിരിപ്പ് അനിവാര്യമാണ്*

ണ്ട് അയാൾക്ക് കാര്യം മനസിലായില്ല... പ്രതികരിച്ചതുമില്ല.

ഇത് മനസ്സിലാക്കിയ ഇവാൻ ആബേലിനെ പുറകിൽ നിന്ന് തള്ളി ഫിനിഷിങ്ങ് പോയിന്റിലെത്തിച്ചു..!

അമ്പരന്ന് നിന്ന കാഴ്ചക്കാരുടെ ഇടയിൽ നിന്നും ഒരു പത്രപ്രവർത്തകൻ ഇവാനോട് ചോദിച്ചു:

''താങ്കൾ എന്തിനാണീ കെനിയക്കാരനെ വിജയത്തിലേക്ക് തള്ളിവിട്ടത്....?അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ ഈ വിജയം താങ്കളുടേതാകുമായിരുന്നില്ലേ...?''

അതിന് ഇവാൻ ഈ ലോകത്തോട് പറഞ്ഞ മറുപടി ഇതായിരുന്നു: ''വിജയത്തിന്റെ പാതയിലായിരുന്ന അവന്റെ ആശയക്കുഴപ്പത്തിൽ ഞാൻ നേടുന്ന വിജയത്തിന് എനിക്ക് എന്ത് യോഗ്യതയാണുള്ളത്....! ഞാൻ അങ്ങനെ ചെയ്താൽ, ഇതു കണ്ടു കൊണ്ടിരിക്കുന്ന എന്റെ അമ്മ എന്ത് വിചാരിക്കും...?''

ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന പ്രകാശത്തിൽ നിന്നല്ലാതെ എങ്ങനെ ഒരാൾക്ക് ഇങ്ങനെ പെരുമാറാൻ കഴിയും. തോൽവിയിലും വിജയിക്കുന്ന മനുഷ്യർ. മറ്റുള്ളവരുടെ വളർച്ചയിൽ അല്പമെങ്കിലും പുഞ്ചിരി ഉള്ളിൽ നിറയുന്നുണ്ടോ...? സ്നേഹത്തിന്റെ അടയാളപ്പെടുത്തലുകൾ നിറയുന്ന മനസ്സുകളിൽ അത് എത്ര മാത്രം ആഴത്തിലായിരിക്കും. വിജയിക്കാനുള്ള തെറ്റായ വഴികളല്ല സത്യസന്ധതയുടെ മൂല്യങ്ങളെയാണ് നാം മുറുകെ പിടിക്കേണ്ടത്.

കുറെ നാളുകൾക്കു ശേഷമാണ് ടീച്ചറിനെ കണ്ടു



**വിജയത്തിന്റെ പാതയിലായിരുന്ന അവന്റെ ആശയക്കുഴപ്പത്തിൽ ഞാൻ നേടുന്ന വിജയത്തിന് എന്ത് യോഗ്യതയാണുള്ളത്?**

മുട്ടിയത്. ആനി ടീച്ചറെ കണ്ടപ്പോൾ ഓർമ്മകൾ പോയത് സ്കൂൾ കാലത്തേക്ക് ആണ്. സ്കൂൾ ജീവിതകാലത്ത് ഇത്രമാത്രം ബുദ്ധിമുട്ടേറിയ ഒരു വിഷയമില്ലായിരുന്നു. കണക്കായിരുന്നു വിഷയം. അങ്ങനെ വരുമ്പോൾ കണക്ക് വെറുത്തത് പോലെ തന്നെ ടീച്ചറെയും അറിയാതെ വെറുത്ത് പോയിട്ടുണ്ട്. പക്ഷേ കുറെ നാളുകൾക്കു ശേഷം തിരിച്ചറിഞ്ഞു, അതൊന്നും ഒരു വെറുപ്പ് അല്ലായിരുന്നു. ചില അനിഷ്ടങ്ങളുടെ മീതെ നമ്മുടെ പ്രായം വരച്ചിടുന്ന ചില കുറുമ്പുകൾ മാത്രമാണ്. അടുത്തിടെ ടീച്ചറെ കണ്ടപ്പോൾ ടീച്ചർ പറഞ്ഞതിൽ മുഴുവൻ സ്നേഹമായിരുന്നു, ഓർമ്മകൾ ആയിരുന്നു. ടീച്ചറിന് സ്നേഹിക്കാൻ അല്ലേ കഴിയൂ. ആ ശാസനകൾക്ക് പോലും സ്നേഹത്തിന്റെ തലോടലുകളുണ്ടായിരുന്നു. നമ്മുടെ എല്ലാവരുടെയും ടീച്ചർമാരൊക്കെ ഇങ്ങനെ തന്നെയല്ലേ. സ്നേഹത്തിന്റെ പല ആഴങ്ങൾ കാണിക്കുന്നുണ്ട്. പലവട്ടം അവരുടെയൊക്കെ വിഷയങ്ങൾക്ക് തോറ്റുപോയ നമ്മളെയൊക്കെ അവർ എത്രമാത്രം ചേർത്ത് നിർത്തുന്നു. ഒരു പരിഭവവുമില്ലാതെ!

ജീവിതത്തിലും ഇങ്ങനെ തന്നെ. ഇന്നു മാറ്റി നിർത്തുന്നവർ പലരും ജീവിതത്തിൽ അത്രമേൽ സ്നേഹിക്കപ്പെടേണ്ടവരായി മാറുന്നു. കാലം അങ്ങനെയാണ്.മെല്ലെ മെല്ലെ ജീവിതത്തിലേക്ക് സ്നേഹത്തിന്റെ വാതായനങ്ങൾ തുറക്കുന്നതോടൊപ്പം കണ്ണുകളും നമുക്ക് തുറന്നു തരുന്നു.

ഒന്ന് കണ്ണടച്ചു നോക്കിയാൽ കുറെ വർഷങ്ങൾക്ക് മുമ്പ് സങ്കടത്തിന്റെ തോരാമഴയിൽ നിന്ന് ആ നേരങ്ങളും സൗഹൃദങ്ങളും ഇന്ന് അത്രമേൽ പ്രിയപ്പെട്ടതായി മാറുന്നു. നമ്മൾ നിശ്ചലരായി നിന്ന ആ തോറ്റ ദിനം ഓർമ്മയില്ലേ..! ഈ ലോകത്തിൽ നമ്മൾ തനിച്ചായി എന്ന് കരുതിയ ദിനം. പക്ഷേ എന്തെങ്കിലും സംഭവിച്ചോ?

> ***വിജയത്തിന് അവകാശിയാകാൻ ആയിരം പേർ വരും. പരാജയത്തിന് നീ മാത്രമായിരിക്കും ഉത്തരവാദി***



ക്രിസ്തുവിനെ ഓർമ്മിക്കുന്നത് ഇവിടെയാണ്. അവന്റെ ജീവിതം നമുക്കുള്ള അടയാളമായി മാറുന്നത് അപ്പോഴാണ്. ആരെയും മാറ്റിനിർത്താതെ, പരിഭവമില്ലാതെ ഹൃദയത്തോട് ചേർത്തുനിർത്തിയ മനുഷ്യൻ. കടന്നുപോകുന്ന കൈപ്പേറിയ നിമിഷങ്ങളെ വരാനിരിക്കുന്ന അനശ്വരമായ ആനന്ദത്തെ മുന്നിൽകണ്ട് അവൻ കണ്ണടയ്ക്കുന്നു. പിന്നെയെല്ലാം പരിഭവമില്ലാതെ അവൻ നേരിടുകയാണ്.


ഞാനും നിങ്ങളും തോറ്റു പോകുന്നത് ഇവിടെയാണ്. ഒരു കുഞ്ഞു സങ്കടത്തെ പോലും ജയിക്കാൻ കഴിയാതെ, ഒരു കുഞ്ഞു തോൽവിയെ പോലും മറികടക്കാൻ കഴിയാതെ ആ തോരാമഴയിൽ നനഞ്ഞു തന്നെ നിൽക്കുന്നു. 2022 എന്തുമാത്രം വിവാദങ്ങൾക്കും കലഹങ്ങൾക്കും സാക്ഷിയായി. പക്ഷേ ആ ചൂടാറിയതിനു ശേഷം നമ്മൾ അതൊന്നും ഓർത്തിരിക്കുന്നില്ല. അതൊക്കെ ആ ആ നിമിഷങ്ങളുടെ വൈറൽ കാഴ്ചകൾക്ക് ശേഷം അപ്രത്യക്ഷമായി. വാക്കുകൾ കൊണ്ട് ഉയർത്തിയ നമ്മൾ തന്നെ പലരെയും വാക്കുകൾ കൊണ്ട് താഴെയിടുന്നു. ഒരു നിമിഷം കൊണ്ട് പല ഉന്നതരും ഒന്നുമല്ലാതായി മാറുന്നു. ജീവിതം മുൻപോട്ട് പോകുന്നു. കാലം അങ്ങനെയാണ്.

ജീവിതത്തിന് നേരെ ഒരു ചെറിയ നിമിഷത്തിൽ അത് പൊടുന്നനെ വിസ്മയമായ ഭാവം കാണിക്കും. മനുഷ്യരും അങ്ങനെ തന്നെ.

അടുത്തകാലത്ത് വായിച്ച ബലൂൺ എന്ന കവിത ഇങ്ങനെയാണ്:

ആരൊക്കെയോ
ഊതി ഊതി വീർപ്പിച്ചപ്പോഴാണ്
സ്വന്തം വലിപ്പം
ബലൂണിന് ബോധ്യമായത്.
ഇനി
താഴേക്കിറങ്ങുന്നത്
തൊട്ടാവാടി മുള്ളിനെ കൂടി
പേടിച്ചിട്ടു വേണം !

## BOOK REVIEW




### ഹൃദയത്തിൽ സൂക്ഷിക്കാൻ

സാധാരണജീവിതത്തിലെ അതിസാധാരണ സംഭവങ്ങളുടെ ആത്മനിഷ്ഠമായ വിലയിരുത്തലിലൂടെ പുതിയ ഉൾക്കാഴ്ചകൾ നല്കുന്ന കൃതി.

**വിനായക് നിർമ്മൽ**
ലേഖനസമാഹാരം, വില: 250
കോപ്പികൾക്ക്: ആത്മബുക്സ്, കോഴിക്കോട്, ഫോൺ:9746440800

> ***പരാജയങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുന്നവർ വിജയങ്ങൾ കൂടിയാണ് ഒഴിവാക്കുന്നത്.***

COVER STORY

സജി കപ്പൂച്ചിൻ

# ഹൃദയംകൊണ്ടൊരു വിജയം

**ആരെയും തോല്പിക്കാതെ ജയിക്കാൻ, ആരെയും തകർക്കാതെ ജയിക്കാൻ, ആരെയും വിലകുറഞ്ഞവരാക്കാതെ ജയിക്കാൻ കഴിയുകയെന്നതാണ് യഥാർത്ഥ വിജയം.**

ടോക്യോ ഒളിമ്പിക്സിൽ ഹൈജമ്പ് ഫൈനൽ മത്സരത്തിൽ വലിയ ഏറ്റുമുട്ടൽ നടക്കുകയാണ്. ഇറ്റലിയുടെ ജിയാൻ മാർകോ തമ്പേരിയും ഖത്തറിന്റെ മുതാസ് ഈസാ ബാർഷിമും തമ്മിലാണ് ഫൈനലിൽ ഏറ്റുമുട്ടിയത്. ഫൈനലിൽ രണ്ടു പേരും 2.37 മീറ്റർ ചാടി ഒരേ നിലയിൽ എത്തി. പല അവസരങ്ങൾകൂടി കിട്ടിയിട്ടും 2.37 മീറ്ററിനു മുകളിലെത്താൻ രണ്ടുപേർക്കും കഴിഞ്ഞില്ല. തങ്ങളുടെ സ്വപ്നസാക്ഷാത്ക്കാരമായ ഒളിമ്പിക്സ് സ്വർണ്ണമെഡൽ കരസ്ഥമാക്കി സ്വന്തം രാജ്യത്തിന്റെ അഭിമാനമായി തീരാൻ പോകുന്ന സുവർണ്ണ നിമിഷമാണത്. നിരന്തരമായ ചാട്ടങ്ങൾക്കൊടുവിൽ തമ്പേരിയുടെ കാലുകൾ വേദനിച്ച് തുടങ്ങിയിരുന്നു. വിജയം ബാർഷിമിനായിരിക്കുമെന്ന് പലരും തീർച്ചപ്പെടുത്തി. എന്നാൽ വിജയത്തെക്കുറിച്ചുള്ള എല്ലാ ധാരണകളെയും തിരുത്തികൊണ്ട് ബാർഷിം ഒഫീഷ്യൽസിനോട് ചോദിച്ചു; 'Can we have two golds? ഞങ്ങൾക്ക് സ്വർണ്ണം പങ്കിടാനാകുമോ?' അത് സാധ്യമാണെന്ന് ഒഫീഷ്യൽസ് അറിയച്ചതോടെ ഇരുവരുടെ മനസ്സിലും ആഹ്ളാദോത്സവമായിരുന്നു. താൻ മാത്രം ആസ്വദിക്കേണ്ട വിജയസന്തോഷം, സ്വപ്നസാക്ഷാത്ക്കാരത്തിനായി ഇത്രയുംനാൾ കഠിനപ്രയത്നം നടത്തിയ, മത്സരത്തിൽ അണുവിടവീര്യം കുറയാതെ തന്റെ കട്ടയ്ക്ക് നിന്ന തമ്പേരിക്കും ലഭിക്കണം എന്ന ചിന്ത ഒളിമ്പിക്സ് സ്വർണ്ണത്തേക്കാൾ വലുതാണ്. വിശാല മനസ്സാണ് വലിയ വിജയങ്ങൾ എന്ന് പുതിയ തലമുറകൾ പഠിപ്പിക്കുകയാണ്. ആരെയും തോല്പിക്കാതെ ജയിക്കാൻ, ആരെയും തകർക്കാതെ ജയിക്കാൻ, ആരെയും വിലകുറഞ്ഞവരാക്കാതെ ജയിക്കാൻ കഴിയുകയെന്നതാ




*ശ്രമിക്കാതെ പരാജയത്തിന് കീഴടങ്ങരുത്*

ണ് യഥാർത്ഥ വിജയം. മറ്റുള്ളവരുടെ സന്തോഷം, അഭിമാനം എന്നിവ തല്ലിക്കെടുത്തി നമ്മൾ നേടുന്ന വിജയങ്ങൾക്കും വലിപ്പങ്ങൾക്കും എന്ത് മഹത്വമാണുള്ളത്? നമ്മുടെ നാട്ടിലെ വർഗ്ഗീയതകളെ കാറ്റിൽ പറത്താൻ ഈയൊരു ചിന്ത മാത്രം മതിയാകും. നാനാത്വത്തിൽ ഏകത്വം എന്നത് നമ്മുടെ സംസ്കാരമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ നാനാത്വത്തിന്റെ വിശാലത നമുക്ക് കൈമോശം വരികയാണെന്ന് തോന്നുന്നു.

എപ്പോഴും തോന്നിയിട്ടുള്ള കാര്യമാണ്, എന്തുകൊണ്ടാണ് വളരെ ചെറിയ ശതമാനം ആളുകൾ മാത്രം ജീവിതത്തിൽ വിജയികളാവുകയും പ്രശംസിക്കപ്പെടുകയും ചെയ്യുന്നതെന്ന്. എന്തുകൊണ്ടാണ് എല്ലാവർക്കും വിജയികളാവാൻ കഴിയാത്തത്? കഴിവും സാമർത്ഥ്യവും സാഹചര്യവും കൊണ്ട് മാത്രമേ വിജയികളാവാൻ കഴിയുകയുള്ളൂ? എല്ലാവർക്കും വിജയിയാകാനുള്ള വരം നൽകിയിട്ടുണ്ട്. അത് ഹൃദയം കൊണ്ടുള്ള വിജയമാണ്. പറഞ്ഞുവന്ന ചെറുശതമാനം വിജയികളെ കണക്കിലെടുക്കുമ്പോൾ അതിൽ വിശാലഹൃദയം കൊണ്ട് വിജയികളായവർ അതിലും ചുരുക്കമാണ്. അങ്ങനെ നോക്കുമ്പോൾ വിശാലഹൃദയം കൊണ്ട് വിജയികളാവുന്നവർ 'വിജയികളിൽ വിജയി' എന്നുവേണം വിളിക്കാൻ. വിശേഷപ്പെട്ട ജയമാണ് വിജയം എന്ന് പറയുമ്പോൾ അതിന് ഒരു വിശാല ഹൃദയം കൂടിയേ തീരു.

ഒരു ബലൂൺ കച്ചവടക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ബലൂണുകൾ ആകാശത്തേക്ക് പറന്നുയരുന്നതുകണ്ട് പല കുട്ടികളും ആകൃഷ്ടരായി. അതിലൊരു കുട്ടി മാത്രം ഇത്തിരി സംശയത്തോടെ അദ്ദേഹത്തിനോട് ചോദിച്ചു, ഈ ചുവന്ന ബലൂൺ ആകാശത്തേക്ക് പറക്കുമോ? അദ്ദേഹം പറഞ്ഞു തീർച്ചയായും പറക്കും. കുട്ടി വീണ്ടും ചോദിച്ചു; ഈ പച്ച ബലൂൺ ആകാശത്തേക്ക് പറക്കുമോ? അദ്ദേഹം പറഞ്ഞു അതും പറക്കും, എന്താ നിനക്കത് വേണോ? കുട്ടി വീണ്ടും ചോദിച്ചു. ഈ മഞ്ഞ ബലൂൺ പറക്കുമോ? കച്ചവടത്തിന്റെ തിരക്കിലായിരുന്ന അദ്ദേഹത്തിന് കുട്ടിയുടെ ചോദ്യത്തിൽ മടുപ്പ് തോന്നിയെങ്കിലും അദ്ദേഹം പറഞ്ഞു; മകനേ, ബലൂണിന്റെ നിറമല്ല, ബലൂണിനുള്ളിലുള്ളതാണ് അതിനെ ആകാശത്തിലേക്ക് പറക്കാൻ സഹായിക്കുന്നത്. നമ്മുടെ ഉള്ളിലെ നന്മയാണ് നമ്മെ ഉന്നതങ്ങളിലേക്ക് പറക്കാൻ സഹായിക്കുന്നത്.



വിശാലഹൃദയംകൊണ്ട് വിജയികളാകാൻ ശ്രമിക്കുന്നവർ വളർത്തിയെടുക്കേണ്ട മറ്റൊരു കാര്യമാണ് എല്ലാത്തരം അതിർവരമ്പുകളെ ഇല്ലാതാക്കുന്ന കാഴ്ചയുണ്ടാവുകയെന്നത്. അമേരിക്കൻ-മെക്സിക്കൻ അതിർത്തിമതിൽ അങ്ങനെയൊരു കാഴ്ച്ച പകരുന്ന ഒന്നാണ്. മറ്റു നാടുകളെപ്പോലെ ഇലക്ട്രിക് മതിലുകളോ മുൾവേലികളോ അവിടെയില്ല. പകരം, അതിർത്തി മതിലിനോടൊപ്പം കുട്ടികൾക്ക് കളിക്കാൻ തക്കവണ്ണം ചാഞ്ചാട്ടപ്പലകകൾ (Seesaws) സ്ഥാപിച്ചിരിക്കുകയാണ്. രണ്ടു രാജ്യത്തെ കുട്ടികളും സ്വയമേ താഴുകയും മറ്റൊരുവനെ ഉയർത്തുകയും ചെയ്യുന്ന കളിയിലേർപ്പെടുമ്പോൾ നടുക്കുള്ള അതിർത്തി മതിൽ മനസ്സിൽനിന്ന് താനേ മാഞ്ഞുപോകും. ഈ നൂറ്റാണ്ടിലെങ്കിലും നാടിന്റെയും മതങ്ങളുടെയും വർണ്ണങ്ങളുടെയും ഭാഷകളുടെയും അതിർവരമ്പുകൾ നമ്മുടെ മനസ്സിൽ നിന്ന് മായേണ്ടതാണ്. എല്ലാം പുരോഗതി പ്രാപിക്കുമ്പോൾ നമ്മുടെ ഹൃദയം മാത്രം മാറാല പിടിച്ച് പഴഞ്ചനായി കിടക്കണോ?

വിശാലഹൃദയത്തിന്റെ വളർച്ചയെ മുരടിപ്പിക്കുന്ന മറ്റൊരു കാര്യം മറ്റുള്ളവരിലെ നന്മ കാണാനുള്ള കാഴ്ച നഷ്ടപ്പെടുന്നതാണ്. ജീവിതം മുഴുവൻ നാടിന്റെ വളർച്ചയ്ക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി ഉപയോഗിച്ച്, നല്ലൊരു മനുഷ്യനായി ജീവിക്കാൻ പരിശ്രമിച്ച് അതിൽ വിജയം വരിക്കുകയും ചെയ്ത്,

> ***പോരാട്ടം അവസാനിപ്പിക്കുന്നതുവരെ എല്ലാവർക്കും വിജയിക്കാനുള്ള അവസരങ്ങളുണ്ട്***

**നല്ല ഹൃദയംകൊണ്ട് വിജയികളാകാൻ ശ്രമിക്കുന്നവർ ഒരുപക്ഷെ ലോകം മുഴുവൻ അറിയപ്പെടണമെന്നില്ല. മനസ്സിന്റെ സംതൃപ്തിയാണ് അവരുടെ ഏറ്റവും നല്ല മുതൽക്കൂട്ട്.**

ആത്മാഭിമാനത്തോടെ എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്ന് പറഞ്ഞ ആ മഹാത്മാവിനെ രാജ്യദ്രോഹിയെന്ന് വിളിക്കാൻമാത്രം നമ്മുടെകാഴ്ചകൾ തിന്മനിറഞ്ഞതായെങ്കിൽ, നമ്മുടെ വിശാലഹൃദയത്തിന്റെ വളർച്ചയുടെ കാര്യം പറയാനുണ്ടോ? ഒരുപക്ഷെ നാടിന് നന്മചെയ്തവരെ നന്ദിയോടെ സ്മരിക്കാൻ കഴിയാത്തത് തന്നെയാണ് ഈ കാഴ്ചവെട്ടത്തിന് തടസ്സമായിരിക്കുന്നത്. സ്വയമേ നാടിന് ഒരു നന്മയും ചെയ്യാതിരിക്കുകയും എന്നാൽ നന്മ ചെയ്തവരെ, നന്മ ചെയ്യാൻവേണ്ടി ജീവിതം മാറ്റിവച്ചവരെ കരിവാരിത്തേച്ച് ഉണ്ടാവാനിടയുള്ള നന്മയെക്കൂടി ഇല്ലാതാക്കുകയാണ് നാം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.



നല്ല ഹൃദയംകൊണ്ട് വിജയികളാകാൻ ശ്രമിക്കുന്നവർ ഒരുപക്ഷെ ലോകം മുഴുവൻ അറിയപ്പെടണമെന്നില്ല. മനസ്സിന്റെ സംതൃപ്തിയാണ് അവരുടെ ഏറ്റവും നല്ല മുതൽക്കൂട്ട്. ഏതൊരു സാധാരണ മനുഷ്യനും അത് സ്വന്തമാക്കാവുന്നതാണ്. അതിന് സ്വന്തം കർത്തവ്യങ്ങളിൽ തികഞ്ഞ ആത്മാർത്ഥത മാത്രം പുലർത്തിയാൽ മതിയാകും. ഈയിടെ വായിച്ചൊരു കുറിപ്പിങ്ങനെയാണ്: വൃദ്ധസദനത്തിൽ ആക്കി തിരിച്ചുപോകുന്ന മകനെ നോക്കി അമ്മ ചിരിക്കുകയാണ്, ഒരു വിജയിയുടെ ചിരി. ഇത്രയുംകാലം ഒരു കൊച്ചുകുഞ്ഞിനെപോലെയാണ് അവനെ കരുതിയിരുന്നത്. പക്ഷെ അവനിപ്പോൾ വളർന്നുവലിയവനായി. അമ്മയുടെ ആശ്രയം ഇല്ലാതെ അവൻ ജീവിക്കാൻ പഠിച്ചു. ഇനി അമ്മയ്ക്ക് സമാധാനത്തോടെ കണ്ണടയ്ക്കാം.

ഒരാൾ തന്റെ കർത്തവ്യങ്ങളിൽ തികഞ്ഞ ആത്മസംതൃപ്തിയും വിജയവും കണ്ടെത്തുമ്പോൾ മറ്റെയാൾ പരാജിതനാവുകയാണ്. വലിയ വിജയത്തിലേക്കുള്ള വഴികൾ നമ്മുടെ കുഞ്ഞുവീടുകളിലും ജോലിസ്ഥലങ്ങളിലും തന്നെ ഒളിഞ്ഞ് കിടപ്പുണ്ട്.

ഒരു ജീവിതായുസ്സുകൊണ്ട് പണിതത് ഒരു പൊട്ടക്കിണറാണോ അതോ തുറന്ന ആകാശമാണോ യെന്നതാണ് വിജയത്തിന്റെ മാനദണ്ഡം. തിന്മകൾ കുമിഞ്ഞുകൂടുന്ന ഈ ലോകത്ത് വിശാലമായ ഒരു മനസ്സ് ഉണ്ടാവുകയെന്നത് ഒരു വെല്ലുവിളി തന്നെയാണ്. സ്വപ്നങ്ങളും സ്ഥാനമാനങ്ങളും കരസ്ഥമാക്കി ജീവിതത്തിൽ വിജയിച്ചുവെന്ന് കരുതിയവരിൽ പകുതിയും സന്തോഷരഹിതരാണ്. ഈ സന്തോഷരാഹിത്യത്തിന് കാരണം ഒരുപക്ഷെ സ്വപ്നസാക്ഷാത്കാരത്തിനായി അവർ തിരഞ്ഞെടുത്ത വഴി തിന്മ നിറഞ്ഞതായിരിക്കാം അല്ലെങ്കിൽ സ്വപ്നസാക്ഷാത്ക്കാരത്തിനൊപ്പം നല്ലൊരു മനസ്സ് ഉണ്ടാക്കാൻ മറന്നുവെന്നതായിരിക്കാം. യേശുവോ ബുദ്ധനോ വലിയ സാമ്രജ്യങ്ങളോ സ്ഥാപനങ്ങളോ നിർമ്മിച്ചില്ല. ആകെക്കൂടി നല്ലൊരു മനുഷ്യഹൃദയം ഉണ്ടാക്കിയെന്നതാവട്ടെ ഈ അൽപ്പായുസ്സിലെ നമ്മുടെ ഏറ്റവും വലിയ വിജയം.

> *നേടും,വിജയിക്കും എന്ന് അവനവനോട്തന്നെ പറഞ്ഞുകൊണ്ടിരിക്കു, വിശ്വാസം വിജയത്തിന് അത്യാവശ്യമാണ്.*

സന്തോഷ് ചുങ്കത്ത്

# വിജയത്തിന്റെ മറുകര

**നിങ്ങൾ സന്തോഷവാനാണോ, നന്ദി നിറഞ്ഞ മനസ്സോടെയാണോ നിങ്ങൾ ജീവിക്കുന്നത്, എങ്കിൽ നിങ്ങളാണ് ഏറ്റവും വലിയ വിജയി.**



എം.ടി വാസുദേവൻ നായരുടെ കഥയിൽ നിന്ന്:

''എന്താ ജോലി?''

ട്രെയിൻ യാത്രക്കിടയിൽ അതുവരെ കൂടെയുണ്ടായിരുന്ന പണക്കാരനെപോലെ തോന്നിക്കുന്ന സഹയാത്രികന്റെ ചോദ്യത്തിലേക്കാണ് കഥാനായകൻ തന്റെ ഓർമ്മകളിൽ നിന്നുമുണരുന്നത്.

''എന്താ?''

''അല്ല, എന്താ ജോലി? What do you do for a living?''

''ഞാനോ,'' ഒന്ന് നിർത്തിയതിന് ശേഷം അയാൾ പറഞ്ഞു. ''ഞാൻ എഴുത്തുകാരനാണ്.''

''ഓ... So you are a writer! Are you a successful writer? ''

''Success...!'' എന്താണ് വിജയത്തിന്റെ മാനദണ്ഡം?

അത് തന്നെയാണ് കുഴപ്പിക്കുന്ന ചോദ്യം. വിജയം എന്താണ്? വിജയത്തിന്റെ മാനദണ്ഡം എതാണ്?

ഒരു പോക്കറ്റടിക്കാരനെ സംബന്ധിച്ചിടത്തോളം മറ്റൊരാളുടെ പോക്കറ്റിലിരിക്കുന്ന നൂറു രൂപ, തന്റെ കയ്യിലെത്തിക്കുക എന്നതായിരിക്കുമല്ലോ അയാളുടെ വിജയം. അപ്പോൾ അതൊരു വിജയമാണോ?

എന്താണ് വിജയം?

അതിനൊരു സൂത്രവാക്യമുണ്ടോ?

ഒരു രഹസ്യ ഫോർമുല?

കഴിഞ്ഞ ദിവസം സുഹൃത്തുക്കൾക്കിടയിലെ സൗഹൃദ സംഭാഷണത്തിനിടയിൽ ഒരാൾ എവറസ്റ്റ് കീഴടക്കിയ ആളുകളെ കുറിച്ച് സംസാരിക്കുകയായിരുന്നു. പെട്ടെന്നൊരാൾ കൂട്ടത്തിൽ നിന്ന് ചോദിച്ചു, എവറസ്റ്റ് കീഴടക്കാൻ മാത്രം എന്ത് പാതകമാണ് അത് ഇവരോടെല്ലാം ചെയ്തത്? കാലത്ത് ഇവരുടെയൊക്കെ വീട്ടിൽ ചെന്ന് മുണ്ടും വളച്ചു കുത്തി വെല്ലുവിളിച്ചോ? നമ്മുടെ വിജയങ്ങളുടെ വമ്പ് പറച്ചിലു

> *എല്ലാ സ്വപ്നജീവികളും വിജയികളായിട്ടില്ല, പക്ഷേ എല്ലാ വിജയികൾക്കും സ്വപ്നങ്ങളുണ്ടായിരുന്നു*



മധ്യേയിങ്ങനെ കാണുന്ന നേരത്ത്... എന്ത് തർക്കം? എന്ത് വിജയം?

വ്യത്യസ്ത ജീവിത സന്ധികളിൽ നമ്മൾ നാം പോലുമറിയാതെ എടുത്തണിയുന്ന വേഷങ്ങളുണ്ട്. ജീവിതാരംഭത്തിൽ- യൗവനത്തിന്റെ കുതിപ്പിൽ നമ്മൾ വേട്ടക്കാരാണ്. ഒരു യുവരാജാവ് തന്റെ അശ്വമേധത്തിലൂടെ രാജ്യങ്ങളെയും രാജാക്കന്മാരെയും ജനതകളെയും തോൽപ്പിച്ച് മുന്നേറുന്നു. ശൗര്യവും ക്രൗര്യവും അയാളെ പരാക്രമിയാക്കുന്നു. മധ്യവയസ്സിൽ അയാൾക്ക് കുറേകൂടി ശമം കൈവരുന്നുണ്ട്. ഇനി കീഴടക്കിയ രാജ്യങ്ങളുടെ ഏറ്റവും തന്ത്ര പ്രധാനമായ കുന്നിൻ മുകളിൽ അയാൾ ബലവത്തായ ഒരു കോട്ട പണിയുന്നു. ആ കോട്ടയ്ക്ക് ചുറ്റും കിടങ്ങുകൾ കുഴിച്ച്, കാവലിനു രാപകൽ ഇമവെട്ടാതെ നിൽക്കുന്ന സൈന്യ ദളങ്ങൾ. അകത്തളങ്ങളിൽ കനത്ത സുരക്ഷയൊരുക്കാൻ പ്രത്യേകം ഒരുക്കി നിർത്തിയ കാവൽസംഘം. അംഗ രക്ഷകർ, ഉടവാൾ....!

നോക്കൂ എത്ര പെട്ടെന്നാണ് അക്രമിയിൽ നിന്ന്, വേട്ടക്കാരനിൽ നിന്ന് നിങ്ങൾ ഇരയിലേയ്ക്ക് രൂപാന്തരപ്പെട്ടത്? കോട്ട സംരക്ഷിക്കാനുള്ളതാണ്. അത് വേട്ടക്കാരന്റെ ചിഹ്നമല്ല, ഇരയുടെ ഒളിയിടമാണ്. മാളം. ഇനി തന്നെ കൊല്ലാനായി വരുന്നവന് വേണ്ടിയുള്ള, ഭയപ്പെടുത്തുന്ന കാത്തിരിപ്പിന്റെ കാലമാണ്. ആനന്ദിന്റെ 'മരുഭൂമികൾ ഉണ്ടാകുന്നതിൽ' ഇത്തരം കോട്ടകളുടെ നിർമ്മാണങ്ങളും അതിന്റെ രഹസ്യാത്മകതയും നമ്മളെ ഭ്രമിപ്പിച്ച് കളയും.

വിജയാനന്തരം നമ്മൾ ഒളിയിടങ്ങളിലേയ്ക്ക് മടങ്ങിപ്പോകുന്നു. ഭയമാണ് പിന്നെ നമ്മുടെ ശരീരഭാഷ.

വലുതാകുമ്പോൾ ആരാകണമെന്നാ മോന്റെ ആഗ്രഹം? (മോളുടെ ആഗ്രഹങ്ങളെ കുറിച്ച് ആരും അത്ര ബോധാവാന്മാരായിരുന്നില്ലല്ലോ) നമ്മൾ എത്ര തവണ കേട്ടിട്ടുള്ളതാണീ ചോദ്യം? എല്ലാവരും ഒരേ സ്വരത്തിൽ പറയും, ഡോക്ടർ, എൻജിനീയർ, പോലീസ്....കുരുന്നുമോഹങ്ങൾ ക്ലാസ് മുറികളുടെ മരതട്ടികകൾ കടന്ന് പുറത്തേയ്ക്കുയരും...

എല്ലാവർക്കും ഇഷ്ടമായ ആ കഥാപാത്രങ്ങൾ നടന്നു നടന്നു മുന്നോട്ട് പോകുകയാണ്. 'What do you want to be when you grow up?' വലുതാകുമ്പോൾ എന്താകണമെന്നാ നീയാഗ്രഹിക്കുന്നത്?

കൾക്ക് മുകളിൽ എത്ര പെട്ടെന്നാണ് അയാൾ മണ്ണ് വാരിയിട്ടത്.

വാട്സപ് ലോക യൂണിവേഴ്സിറ്റിയായി അഭിനയിക്കുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഗ്രൂപ്പുകളിലുണ്ടാകുന്ന ചെറിയ തർക്കങ്ങളിൽ പോലും എത്ര പരുഷമായ വാക്കുകളാണ് നമ്മളെല്ലാം ഉപയോഗിക്കുന്നത്? സംഭാഷണങ്ങളല്ല, തർക്കങ്ങളാണ് മിക്കപ്പോഴും നടക്കുന്നത്. സംവാദങ്ങൾ വിവാദങ്ങൾക്ക് വഴിമാറിക്കഴിഞ്ഞു. ഏറ്റവും ഒടുവിൽ മെസേജ് ഇടുന്നയാൾ ജയിച്ചെന്നോ മറ്റോ ഒരു തോന്നലില്ലേ നമ്മളിൽ. അവനെ ഞാൻ നിശബ്ദനാക്കിയെന്നോ മിണ്ടാട്ടം മുട്ടിച്ചെന്നോ ഉള്ള ഒരു സൂചന... ആരാണ് വിജയിച്ചത്? തർക്കം നിങ്ങൾ നേടിയേക്കാം, പക്ഷെ ആ സുഹൃത്തിനെ നിങ്ങൾ നേടിയോ?

ശങ്കരാചാര്യരെ കുറിച്ച് പണ്ട് വിവേകാനന്ദൻ പറഞ്ഞത് പോലെ 'ശങ്കരനോ, മഹാ താർക്കികൻ! പക്ഷേ കരുണയില്ല'. എന്നാലോ നാരായണ ഗുരുവിൽ തർക്കബോധം അത്ര വലുതല്ല, പക്ഷെ കരുണ വേണ്ടുവോളം കാണാം.

ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നല്കുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും - അനുകമ്പാദശകത്തിൽ നിന്നാണ്.

'ഞാൻ മാത്രം ശരിയെന്ന' കേവലം വികലമായ ചിന്തയാണല്ലോ മാത്സര്യത്തിനും തർക്കങ്ങൾക്കും വഴിയൊരുക്കുന്നത്.

> ***വിജയത്തിന്റെ ആലസ്യങ്ങളിൽ നിന്നുണരാൻ പരാജയത്തിന്റെ ചില ആഘാതങ്ങൾ ചിലർക്കാവശ്യമുണ്ട്***

**അധികാരമോ പണമോ സമ്പത്തോ നേടിയതുകൊണ്ട് ഒരാൾ വിജയിച്ചുവെന്നു കരുതാനാകുമോ?. അധികാരവും സമ്പത്തും നേടാനുള്ള ഓട്ടത്തിൽ മരിച്ചു ജീവിക്കുന്ന എത്രയോ പേർക്കിടയിലാണ് നമ്മൾ ജീവിക്കുന്നത്.**

Moleന്റെ ചോദ്യത്തിന് ഒരിട നിശബ്ദതയ്ക്ക് ശേഷം പയ്യൻ പറയും 'Kind' ദയവുള്ളവനാകണം...! *(The Boy, the Mole, the Fox and the Horse - Book by Charlie Mackesy)*

വിജയങ്ങളുടെ മാതൃകാ ഉത്തരങ്ങളിൽ കാണാത്തൊരു ഉത്തരം അല്ലേ? ദയവുള്ളവനാകണം. മണ്ടത്തരം, അല്ലാതെന്ത്!

Self-help പുസ്തകങ്ങളുടെയും ജീവിതശൈലീ ട്രെയിനർമാരുടെയും മോട്ടിവേഷണൽ പ്രസംഗകരുടേയും ശബ്ദതരംഗങ്ങൾക്കിടയിൽ നിന്നും ആരെങ്കിലും കേൾക്കുന്നുണ്ടോ, 'ഈ ലോകം പരാജിതരുടെ കൂടിയാണെ'ന്ന്?

ലോകം വിജയിച്ച മനുഷ്യരുടെ മാത്രം ചരിത്രങ്ങളെ കുറിച്ച് വച്ചിട്ടുള്ളൂ. പരാജിതരും സ്ത്രീകളും കുഞ്ഞുങ്ങളും അടിമകളും തൊഴിലാളികളുമാകട്ടെ, ചരിത്രത്തിന്റെ അടരുകളെ അവരുടെ ജീവരക്തം കൊണ്ട് സചേതനങ്ങളാക്കി. ഓരോ വിജയങ്ങളും നമ്മെ വല്ലാത്ത നിരർത്ഥകതയിലേക്ക് നയിച്ചേക്കാം. സൂക്ഷിക്കണം. വിജയങ്ങൾ – മാനസാന്തരങ്ങളിലേക്കുള്ള കിളിവാതിലുകൾ കൂടിയാണ്.

അധികാരമോ പണമോ സമ്പത്തോ നേടിയതുകൊണ്ട് ഒരാൾ വിജയിച്ചുവെന്നു കരുതാനാകുമോ?. അധികാരവും സമ്പത്തും നേടാനുള്ള ഓട്ടത്തിൽ മരിച്ചു ജീവിക്കുന്ന എത്രയോ പേർക്കിടയിലാണ് നമ്മൾ ജീവിക്കുന്നത്. എല്ലാമുണ്ടെങ്കിലും ഒന്നുമില്ലാതെ ശൂന്യരായിപോയ ഗതികെട്ടവന്മാർ. ഒന്നുമേ പങ്കുവയ്ക്കാൻ ത്രാണിയില്ലാതെ മനസ്സ് ചുരുങ്ങിപോയ ജന്മങ്ങൾ. അങ്ങനെയെങ്കിൽ വിജയത്തിന്റെ മാനദണ്ഡം എന്തായിരിക്കും?

അത് ആത്യന്തികമായി നിങ്ങൾ എന്ത് മാത്രം സന്തോഷമുള്ളവരാണ് എന്നത് അടിസ്ഥാനമാക്കിയായിരിക്കും എന്നതാണ് പരമാർത്ഥം. നിങ്ങൾ സന്തോഷവാനാണോ, നന്ദി നിറഞ്ഞ മനസ്സോടെയാണോ നിങ്ങൾ ജീവിക്കുന്നത്, എങ്കിൽ നിങ്ങളാണ് ഏറ്റവും വലിയ വിജയി. അതിൽ തർക്കങ്ങളൊന്നുമേയില്ല.



> *വിജയങ്ങൾക്ക് പിന്നാലെ വരുന്ന പരാജയങ്ങൾ നമ്മെ വിനീതരാക്കും.*

സനു തെറ്റയിൽ

# വിജയിച്ചേ തീരൂ... അത്ര തന്നെ

**സമ്പത്താണോ വിജയത്തെ അളക്കുന്നത്? അല്ല എന്നുവേണം പറയാൻ. സൗഹൃദങ്ങൾ, ആരോഗ്യം, സ്നേഹമുള്ള കുടുംബം, സമാധാനം ഇതൊക്കെ അതിലും വലുതല്ലേ?**

'ഞാൻ ഇപ്പോ എന്താ പറയാ? വിജയിക്കണം. മറ്റൊരാൾക്ക് ബുദ്ധിമുട്ട് വരുത്താതെ ആവണം എന്ന് മാത്രം.' പണ്ടൊരു മാഷ് പറഞ്ഞതാ. ശരിയല്ലേ? ഒരാളുടെ വി ജയം മറ്റൊരാൾക്ക് പരാജയമാണ് കൊടുക്കുന്നതെങ്കിൽ; ഒരു വിജയം മറുവശത്തു ഒരുപാട് നഷ്ടങ്ങൾ ഉണ്ടാക്കുന്നുവെങ്കിൽ അത് വിജയം തന്നെയാണോ? വിജയവും പരാജയവുമൊക്കെ ആപേക്ഷികമാണെന്ന് ആർക്കാണ് അറിയാത്തത്? പക്ഷെ...

ഒരു സുഹൃത്തുണ്ട്, ചോദിച്ചിട്ടേ ചെയ്യൂ, എന്തും... ആരോടാ? ഗൂഗിളിനോട്! പഠനം, കല, വിവാഹം എന്നുവേണ്ട സർവസംശയവും തീർക്കുന്നത് ഗൂഗിളാണ്. ഒരിക്കൽ അദ്ദേഹത്തെ വളരെ 'ഡിപ്രെസ്ഡ്' ആയി കണ്ടു. ഒന്നും മിണ്ടാതെ ഞാൻ അദ്ദേഹത്തിന്റെ അടുത്തിരുന്നു. അങ്ങനെ ഞങ്ങൾ രണ്ടു പേരും ഒന്നും സംസാരി ക്കാതെ കുറെ സമയം... പെട്ടെന്ന് അദ്ദേഹം മൊബൈൽ എടുത്ത് വിജയിക്കാനുള്ള വഴികൾ തിരയാൻ തുടങ്ങി. നൂറുകണക്കിന് വീഡിയോകളാണ് അതിൽ. മതത്തിന്റെ ലേബലിൽ, രാഷ്ട്രീയത്തിന്റെ പേരിൽ, സമുദായത്തിന്റെ പേരിൽ അങ്ങനെ ഒരുപാട് ഒരുപാട് വിജയത്തിന്റെ കുറുക്കുവഴികൾ. കുറെ നേരം കൂടി ഞാൻ കൂടെ ഇരുന്നു, അവൻ അതിൽ പരതുന്നതും നോക്കി. പിന്നെ 'ഓക്കെ ഡാ.. അപ്പോ ശരി' എന്ന് പറഞ്ഞ് ഞാൻ നടന്നു. എന്താല്ലേ...!

എല്ലാം വിരൽത്തുമ്പിൽ! പക്ഷെ ഇടയ്ക്കൊക്കെ അവന് എന്നെ ഒന്ന് നോക്കുകയെങ്കിലും ചെയ്യാമായിരുന്നു എന്ന് തോന്നിപ്പോയി. അത്രകണ്ട് മാറിപ്പോയോ മനുഷ്യർ? ഇത് ടെക്നോളജിയുടെ വിജയം തന്നെയാണോ?

## കുഞ്ഞുകുഞ്ഞു വിജയങ്ങൾ

വിജയം വിപരീതം പരാജയം. സ്കൂളിൽ കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കുന്നതങ്ങനെയല്ലേ? മിക്കവാറും ടീച്ചർ കൊടുക്കുന്ന ഉദാഹരണങ്ങൾ മത്സ



> ***മുൻകൂട്ടി പ്ലാൻ ചെയ്തിട്ടും ചില പരാജയങ്ങൾ കടന്നുവരുന്നു, വേണ്ടത്ര ഒരുക്കമില്ലാതിരുന്നിട്ടും അപ്രതീക്ഷിത വിജയങ്ങൾ തേടിവരുന്നു. എന്തൊരു മറിമായം!***

രങ്ങളിൽ വിജയിക്കുന്നതോ പരീക്ഷയ്ക്ക് ഒന്നാമതെത്തുന്നതോ ഒക്കെയാവാം.

ഒരു കൊച്ചുകുട്ടിയെ സംബന്ധിച്ച് ഒരു മത്സര പരീക്ഷയോ മറ്റെന്തെങ്കിലും തരം മത്സരം ജയിക്കലോ ആണ് വിജയം. പക്ഷെ കുറച്ചുകൂടി കഴിയുമ്പോൾ അവൻ മനസ്സിലാക്കും, ഒരു പരീക്ഷയ്ക്ക് മാത്രം ജയിച്ചതുകൊണ്ട് ഒന്നുമാവുന്നില്ല എന്ന്. വിജയിക്കേണ്ടത് ജീവിതത്തിലാണ്. ജീവിത വിജയം എന്നത് പറയുന്നത്ര എളുപ്പമല്ലല്ലോ. പല വെല്ലുവിളികളെയും പ്രതികൂല സാഹചര്യങ്ങളെയും നേരിടേണ്ടതുണ്ട്. വളർച്ചയുടെ ഓരോ പടവിലും ഉണ്ട് വെല്ലുവിളികൾ. ഓരോരുത്തർക്കും ഓരോ തരത്തിലാണെന്ന് മാത്രം.

## പ്രവാസം=വിജയം

ഒരാൾ കടൽകടന്ന് പോയാൽ 'കുടുംബം രക്ഷപ്പെട്ടു' എന്നാണ് പറയപ്പെടുന്നത്. എത്ര പേരാണ് സ്വന്തം കുടുംബത്തെ അങ്ങനെ രക്ഷപ്പെടുത്തിയത്. അതിനിടയിൽ ചിലർ കബളിപ്പിക്കപ്പെടുന്നുമുണ്ട്. ചതിയിൽ പെട്ടുപോകുന്നവർ. ചിലർക്ക് വിദേശത്തു ചെന്നിട്ടായിരിക്കാം'പണി കിട്ടുന്നത്'. വാഗ്ദാനം ചെയ്യപ്പെട്ട തൊഴിലാവണമെന്നില്ല കിട്ടിയത്! നാട്ടിൽ നേരിട്ടറിയാവുന്ന ഒരു പയ്യന് പറ്റിയ അബദ്ധം ഇനിയാർക്കും പറ്റാതിരിക്കട്ടെ. ഏജന്റുമാർ അവനെക്കൊണ്ടെത്തിച്ചത് പറഞ്ഞ രാജ്യത്തുപോലുമായിരുന്നില്ല! കുറെ നല്ല മനുഷ്യർ ചേർന്ന് പിരിച്ചെടുത്തതുകകൊണ്ടാണ് അയാളെ തിരികെ നാട്ടിലെത്തിച്ചതുപോലും! ഇനിയും കേട്ടുതീർന്നിട്ടില്ലാത്ത ഒരു ശരാശരി മലയാളിയുടെ അവസ്ഥയാണിതെന്ന് പറയേണ്ടതില്ലല്ലോ. പച്ചവെള്ളം പോലും കുടിക്കാനില്ലാതെ മണലാരണ്യത്തിൽ പൊരിവെയിലത്തു പണിയെടുക്കുന്നവനെ കുറിച്ച് നാട്ടിൽ പറയപ്പെടുന്നതോ? 'അവനെക്കാൾ ഭാഗ്യവാനാരുണ്ട്?' ഭാര്യയ്ക്കും മക്കൾക്കും വേണ്ടി മുണ്ട് മുറുക്കിയുടുത്ത് ഒരു മനുഷ്യായുസ്സ് മുഴുവൻ കഷ്ടപ്പെട്ട് തിരിച്ചുവരുമ്പോൾ അയാൾക്ക് കിട്ടുന്നതോ?

ഒരു 'ടിപ്പിക്കൽ' പ്രവാസം അല്ലെങ്കിൽകൂടി ഇന്നത്തെ ചില മാതാപിതാക്കളുടെ ജീവിതം ഏറെക്കുറെ അങ്ങനെതന്നെയാണ്. രണ്ടോ മൂന്നോ മക്കൾ. അവരൊക്കെ വേറെ വേറെ ഇടങ്ങളിൽ. അത് പല രാജ്യങ്ങളോ ഭൂഖണ്ഡങ്ങളോ ആകാം. മൂന്നാലു മാസം വീതം ഓരോ ഇടങ്ങളിൽ മാറി മാറി. അതിനിടയിൽ വല്ലപ്പോഴും നാട്ടിൽവന്നുപോകുന്നു. വിദേശങ്ങളിൽ മക്കൾ ഇല്ലാത്തവർ നോക്കുമ്പോൾ അവരാണ് ഭൂമിയിലെ ഏറ്റവും വലിയ ഭാഗ്യവാന്മാർ. ഇന്ന് അമേരിക്കയിലാണെങ്കിൽ നാളെ ജർമനിയിൽ. മറ്റന്നാൾ... ഇതിലും വലിയ ഭാഗ്യം വേറെന്തെങ്കിലുമുണ്ടോ? ഇതിന്റെ ചെറിയൊരു വേർഷനുമുണ്ട്, നാട്ടിൽ തന്നെയുള്ള മക്കളുടെ വീട്ടിൽ മാറി മാറി നിൽക്കുന്ന തനിനാടൻ വേർഷൻ. അതിനെ കുറ്റം പറയുന്നവർ ആദ്യത്തേത് കണ്ട് കൊതിക്കുന്നതിലെ സംഗതി മനസ്സിലാകുന്നില്ല. ഇക്കരെ നിൽക്കുമ്പോ അക്കരെ പച്ച, അത്ര തന്നെ!

**പല വെല്ലുവിളികളെയും പ്രതികൂല സാഹചര്യങ്ങളെയും നേരിടേണ്ടതുണ്ട്. വളർച്ചയുടെ ഓരോ പടവിലും ഉണ്ട് വെല്ലുവിളികൾ. ഓരോരുത്തർക്കും ഓരോ തരത്തിലാണെന്ന് മാത്രം.**



> *വിജയങ്ങൾ സ്ഥിരമല്ല, പരാജയം ആവർത്തിക്കപ്പെടണമെന്നുമില്ല*

## കമ്പനികൾ വിജയിക്കുമ്പോൾ

കഴിഞ്ഞദിവസം ചില കമ്പനികളുടെ ലാഭത്തെക്കുറിച്ചുള്ള വാർത്തകൾ കണ്ടു, പത്രത്തിൽ. വിജയിക്കുന്ന കമ്പനികളുടെ ഷെയർ വളരെ വേഗത്തിൽ വിറ്റഴിക്കപ്പെടുന്നു. ജനങ്ങളുടെ മനസിൽ അസൂയാർഹമായ ഒരിടം അത് നേടുന്നു. പലരും ഒരിക്കൽപോലും ചിന്തിക്കാത്ത, ചിലർ ചിന്തിക്കാനേ താല്പര്യപ്പെടാത്ത മറ്റൊരു വശമുണ്ട് ഈ വിജയത്തിന്റെ പിന്നിൽ. അതിലെ തൊഴിലാളികളുടെ കഥ. വലിയ വലിയ മുതലാളിമാർ ഒരിക്കൽപോലും കാണാൻ ഇടയില്ലാത്ത ഏറ്റവും താഴത്തെ നിരയിലുള്ള ജോലിക്കാർ. ടാർഗറ്റ് തികയ്ക്കാൻ അഹോരാത്രം പണിയെടുക്കുന്നവർ, അവർക്ക് ആവശ്യത്തിന് വിശ്രമം കിട്ടുന്നുണ്ടോ, ലീവ് കിട്ടുന്നുണ്ടോ?

ഈയിടെ സോഷ്യൽ മീഡിയയിൽ കണ്ടൊരു സംഭവം: പത്തുകൊല്ലം തന്റെ കൂടെയുണ്ടായ തൊഴിലാളികൾക്ക് പത്താം വാർഷികത്തിൽ മുതലാളി കാർ സമ്മാനിക്കുന്ന മനോഹര കാഴ്ച കണ്ടപ്പോ വല്ലാത്ത ബഹുമാനം തോന്നിപ്പോയി, അയാളോട്.



## തൊഴിലിടം

ജോലി ചെയ്യുന്ന സ്ഥലം വിജയത്തിന്റെ ഇടമാവണം. അത് എവിടെയുമാവട്ടെ, അത് ഏത് തൊഴിലിടത്തിലും ബാധകമാണ്. ജോലി എന്തുമാവട്ടെ. ഒരുപക്ഷെ അതൊരു മൾട്ടിനാഷണൽ കമ്പനിയാവാം, ചെറിയൊരു കച്ചവടസ്ഥലമാവാം. ഒരു ഹോട്ടലിൽ കണ്ട വാചകം 'പണമില്ല എന്നതിന്റെ പേരിൽ ആരും പട്ടിണി കിടക്കരുത്.' ഇതൊരു ആതുരാലയത്തിന്റെ മുന്നിലെ ബോർഡല്ല. ചെറിയൊരു ബിസിനസ്സ് നടത്തുന്ന ഒരു മനുഷ്യന്റെ വലിയ മനസ്സാണ്. വിജയം ആഘോഷിക്കുന്ന മനസ്സ്.

## വിജയത്തിന്റെ അളവുകോൽ

സമ്പത്താണോ വിജയത്തെ അളക്കുന്നത്? അല്ല എന്നുവേണം പറയാൻ. സൗഹൃദങ്ങൾ, ആരോഗ്യം, സ്നേഹമുള്ള കുടുംബം, സമാധാനം ഇതൊക്കെ അതിലും വലുതല്ലേ? നന്നായി ഉറങ്ങാൻ കഴിയുക, സന്തോഷത്തോടെ ഉണരാൻ കഴിയുക.. ഇതൊക്കെയല്ലേ ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതിൽ ആരും പ്രതീക്ഷിച്ചുപോകുന്നത്?

## 'പെർഫെക്ട് ഓക്കേ'

എല്ലാ വിജയങ്ങൾക്കുമൊടുവിൽ ഒരു ശൂന്യത അവശേഷിക്കുന്നുണ്ടെങ്കിൽ മനസ്സിലാക്കണം, ഇനി ഞാൻ വിജയിക്കേണ്ടത് എന്നെത്തന്നെയാണെന്ന്. അവിടെയാണ് സർവ്വതും നിശ്ചലമാകുന്നത്. ഇതുവരെ ഞാൻ ഓടിയത്, നേടിയത്, പിടിച്ചുവാങ്ങിയത്, തല്ലിട്ടെടുത്തത് എല്ലാമെല്ലാം വെറുതെയായോ എന്ന് തോന്നുന്നത്. എന്റെ ചിന്ത, എന്റെ ഇടപെടലുകൾ, എന്റെ മോഹങ്ങൾ ഇവയിലൊക്കെ എനിക്ക് എന്റേതായ സ്വാർത്ഥതാല്പര്യങ്ങളുണ്ടായിരുന്നുവെങ്കിൽ ഞാൻ എങ്ങനെ എന്നെത്തന്നെ വിജയിക്കും? മനോഭാവമാണ് പ്രധാനം. എന്നോട് തന്നെയുള്ള മനോഭാവം, അപരനോട്, സഹജീവിയോട് അങ്ങനെ എന്തിനോടും. അത് ശരിയായാൽ 'പെർഫെക്ട് ഓക്കേ'

*NB: 'NO എന്ന് പറഞ്ഞാൽ നെക്സ്റ്റ് ഓപ്പർച്ചുനിറ്റിയെന്നാണ് സാറേ.' ഇത് ജയസൂര്യ ഒരു സിനിമയിൽ പറഞ്ഞതാ. ഒന്നോ രണ്ടോ മൂന്നോ വട്ടം തോറ്റോട്ടെ. കുഴപ്പമില്ലാന്ന്... വിജയിക്കാൻ ഇനിയും സമയമുണ്ടല്ലോ.*

> *വിജയത്തിലേക്കുള്ള വഴികളിൽ പരാജയത്തിന്റെ പടുകുഴികളുമുണ്ട്*

ഡോ. സെമിച്ചൻ ജോസഫ്



# കുതിക്കാം ജീവിത വിജയത്തിലേക്ക്

**നമുക്ക് മുന്നിൽ ജീവിത വിജയത്തിന് കുറുക്കു വഴികൾ ഒന്നുമില്ല. സ്വയം തീർക്കുന്ന അപകർഷതയുടെ ഭാവനാ മതിലുകൾ നമുക്ക് തകർക്കാം.**

സമൂഹമാധ്യമത്തിൽ കൈമാറിക്കിട്ടിയ ഒരു കഥ പറഞ്ഞു കൊണ്ട് തുടങ്ങാം.

ഒരു ഗ്രാമത്തിൽ പ്രായമേറിയ ഒരു മുത്തശ്ശി താമസിച്ചിരുന്നു. എന്നും വൈകുന്നേരം രണ്ടു കുടങ്ങളിലായി മുത്തശ്ശി കുളത്തിൽ നിന്നും വെള്ളം ശേഖരിച്ച് വീട്ടിലേക്ക് യാത്രയാകും.

പക്ഷേ രണ്ട് കുടങ്ങളിൽ ഒന്നിന് ഓട്ടയുണ്ടായിരുന്നു. വീട്ടിലെത്തുമ്പോൾ ഓട്ടക്കുടത്തിലെ വെള്ളം പാതിയായി കുറയും. ഒരു വർഷം കടന്നുപോയി. ഓട്ടക്കുടത്തിന് തന്നെക്കുറിച്ചോർത്ത് നാണക്കേട് തോന്നി. നല്ല കുടം ഓട്ടക്കുടത്തെ കളിയാക്കാനും തുടങ്ങി. കളിയാക്കലും, അപമാനവും സഹിക്കാൻ വയ്യാതെ ഓട്ടക്കുടം വിഷമിച്ചു. തന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല എന്ന തോന്നൽ, സ്വയം വെറുക്കുന്ന അവസ്ഥയിലേക്ക് ഓട്ടക്കുടത്തെ എത്തിച്ചു. അവസാനം സഹികെട്ട് ഓട്ടക്കുടം മുത്തശ്ശിയോട് പറഞ്ഞു:

''ആർക്കും വേണ്ടാത്ത എന്നെ നശിപ്പിച്ചു കളഞ്ഞേക്കൂ...'' മുത്തശ്ശി പുഞ്ചിരിച്ചു.

എന്നിട്ട് പറഞ്ഞു...

''ഞാൻ നിന്നെ ചുമന്ന വശത്തേക്ക് ഒന്നു നോക്കൂ...''

> *കടുത്ത പരാജയങ്ങൾക്ക് സമീപത്ത് ചിലപ്പോൾ വലിയ വിജയങ്ങൾ പതുങ്ങിയിരിക്കുന്നുണ്ടാവും*

ഓട്ടക്കുടം അങ്ങോട്ട് നോക്കിയപ്പാൾ കണ്ട കാഴ്ച പൂത്തുലഞ്ഞു നിൽക്കുന്ന ചെടികളാണ്.

മുത്തശ്ശി തുടർന്നു: ''നിനക്ക് ഓട്ടയുണ്ടെന്ന് എനിക്കറിയാമായിരുന്നു. അതറിഞ്ഞു കൊണ്ട് ഞാൻ നടപ്പുവഴിയിൽ നിന്റെ വശത്തായി ചെടികൾ നട്ടു. ആ സുന്ദരമായ പൂന്തോട്ടത്തിന് കാരണക്കാരി നീയാണ്.''

ഇത് കേട്ടപ്പോൾ തന്റെ വില എന്തെന്ന് ഓട്ടക്കുടത്തിന് മനസ്സിലായി...

പലപ്പോഴും, ഈ ഓട്ടക്കുടത്തിന്റെ അവസ്ഥയിലേയ്ക്ക് നമ്മളും എത്തിച്ചേരാറില്ലേ?

'എനിക്ക് സൗന്ദര്യം ഇല്ല'

'സംസാരിക്കാൻ അറിയില്ല'

'പൊക്കം കുറവാണ്'

'വണ്ണം കൂടിപ്പോയി'

'സമ്പത്ത് കുറഞ്ഞു പോയി'

'ഞാൻ ഉദ്ദേശിച്ച ജീവിത പങ്കാളിയെയല്ല എനിക്ക് ലഭിച്ചത്'

'എന്റെ ജീവിതത്തിൽ സമാധാനം ഇല്ല'

'ഇഷ്ടപ്പെട്ട വിഷയത്തിനല്ല എനിക്ക് അഡ്മിഷൻ ലഭിച്ചത്'

'ഇഷ്ടപ്പെട്ട ജോലിയല്ല ഞാൻ ചെയ്യുന്നത്'

ഇങ്ങനെ അപകർഷതയുടെ ഒരു വലിയ ലിസ്റ്റുമായി ജീവിക്കുന്ന അനേകർ നമുക്ക് ചുറ്റിലുമുണ്ട്. എന്ത് ചെയ്യണമെന്നോ എങ്ങനെ ചെയ്യണമെന്നോ അറിയാതെ ജീവിതത്തിന്റെ തീരത്ത് ഇതികർത്തവ്യാമൂഢരായി നിൽക്കേണ്ടി വരുന്ന ഇക്കൂട്ടരോട് നമുക്ക് പലപ്പോഴും സഹതപിക്കേണ്ടി വരുന്നു.

'നൂറു സിംഹാസനങ്ങൾ' എന്ന കൃതിയിൽ ജയമോഹൻ കുറിക്കുന്നു: 'നീ പറയുന്ന കാരണങ്ങൾ മുഴുവൻ നിന്റെ അപകർഷതാ ബോധം കൊണ്ട് ഉണ്ടാക്കുന്ന ഭാവനകൾ മാത്രം. എന്താണ് ചെയ്യേണ്ടതെന്ന് നിനക്കറിയാം. നീയത് ഒരിക്കലും ചെയ്യുന്നില്ല.'

അതേ പ്രിയരേ, നമുക്ക് മുന്നിൽ ജീവിത വിജയത്തിന് കുറുക്കുവഴികൾ ഒന്നുമില്ല. സ്വയം തീർക്കുന്ന അപകർഷതയുടെ ഭാവനാ മതിലുകൾ നമുക്ക് തകർക്കാം. കർമ്മ നിരതരാകാം.



*എന്താണ് നിന്റെ കഴിവ് എന്ന് തിരിച്ചറിയുന്നിടത്തു നിന്ന് വിജയത്തിലേക്കുള്ള നിന്റെ യാത്ര ആരംഭിക്കുന്നു*

# വിജയിച്ചവരുടെ ശബ്ദങ്ങൾ

'ഒരാൾക്ക് വിജയം ഉണ്ടാകുമ്പോൾ അയാൾ പറഞ്ഞത് കേൾക്കാൻ എല്ലാവരും ഉണ്ടാകും.' അടുത്തയിടെ തനിക്കെതിരെ ഉയർന്ന ആരോപണങ്ങൾക്ക് വിശദീകരണം നല്കിയപ്പോൾ ഒരു നടൻ പറഞ്ഞ വാചകമാണ് ഇത്.

വിജയികളുടെ അഭിപ്രായങ്ങൾക്കും അനുഭവങ്ങൾക്കും അനുവാചകരുണ്ട്. മാർക്കറ്റ് വാല്യൂവുണ്ട്. ആരും തിരിച്ചറിയാതെയും അംഗീകരിക്കാതെയും കഴിഞ്ഞ നാളുകളിൽ കടന്നുപോയ ദുരനുഭവങ്ങൾക്ക് ഇടം ഉണ്ടാകുന്നത് അയാൾ വിജയം രേഖപ്പെടുത്തിക്കഴിയുമ്പോഴാണ്.

ഇന്നലെവരെ അയാളുടേതുമാത്രമായിരുന്ന ദുരനുഭവങ്ങൾ വിജയങ്ങളിൽ എത്തുമ്പോഴാണ് സാമാന്യവൽക്കരിക്കപ്പെടുന്നത്. അപ്പോഴാണ് അവ പാഠപുസ്തകങ്ങളാകുന്നത്. പലരും തങ്ങളുടെ ദാരിദ്ര്യത്തിന്റെയും അപമാനങ്ങളുടെയും കഥകൾ അയവിറക്കുന്നത് വിജയകിരീടങ്ങളിലിരുന്നുകൊണ്ടാണ്. ഇന്നലെവരെ അയാളുടെ പരാജയങ്ങൾ അയാളുടേതു മാത്രമായിരുന്നു. വിജയിക്കാൻ വേണ്ടിയുള്ള അയാളുടെ ശ്രമങ്ങൾ അയാളുടേതു മാത്രമായിരുന്നു. പിന്തുണകളോ പ്രോത്സാഹനങ്ങളോ അയാൾക്ക് ലഭിക്കുന്നുമുണ്ടായിരുന്നില്ല. പക്ഷേ വിജയിക്കുന്നതോടെ അയാൾ എല്ലാവരുടേതുമാകുന്നു. എല്ലാവരും അയാളുടെ വിജയങ്ങളുടെ പിന്നിൽ അണിനിരക്കുന്നു. മുമ്പൊരിക്കലും സംസാരിച്ചതുപോലെയല്ല അയാൾ ഇപ്പോൾ മുതൽ സംസാരിക്കുന്നത്. അയാളെ കേൾക്കാൻ ആളുകളേറെയുണ്ടാവുന്നു.വിജയികൾക്ക് ഇരിക്കാൻ ഇരിപ്പിടങ്ങൾ... അവരെ അനുമോദിക്കാൻ വേദികൾ... അവർക്കായി പൂമാലകൾ... ഫ്ളക്സുകൾ...

വിജയിച്ചവരുടെ പിന്നാലെയാണ് ലോകം. അതോടൊപ്പം തുടർച്ചയായി വിജയം നല്കുന്നവരുടെയും. ഒരിക്കൽ സംഭവിച്ച വിജയങ്ങൾ ആകസ്മികമായി അവതരിപ്പിക്കപ്പെട്ടേക്കാം. തുടർച്ചയായി വിജയങ്ങൾ നല്കുമ്പോൾ മാത്രം അത് അയാളുടെ കഴിവിന്റെ അംഗീകാരമായി ചിത്രീകരിക്കപ്പെടുന്നു.




വിജയിക്കുന്നത് കഴിവുള്ളവർ മാത്രമാണോ? ഒരിക്കലുമല്ല. അവർക്ക് കഴിവുണ്ട്, അദ്ധ്വാനമുണ്ട്, പരിശ്രമമുണ്ട്. പക്ഷേ അതൊക്കെയുണ്ടായിട്ടും ചിലർക്ക് മറ്റുള്ളവർ വിലയിരുത്തുന്ന വിധത്തിലുള്ള വിജയങ്ങളിൽ എത്തിച്ചേരാൻ കഴിയുന്നില്ല. അങ്ങനെ വരുമ്പോൾ വിജയം ഒരു സാധ്യത കൂടിയായി മാറുന്നുണ്ട്. വിജയിച്ചവരെക്കാൾ കൂടുതൽ കഴിവുണ്ടായിട്ടും അത്രയധികം ശ്രദ്ധിക്കപ്പെടാതെപോയവരുടെ ലോകം കൂടിയാണ് ഇത്.

ഒരു ശ്രമം പരാജയപ്പെട്ടുവെന്ന് കരുതി നിങ്ങൾ കഴിവില്ലാത്തവനാകുന്നില്ല. ഒന്നാമതെത്താത്തതുകൊണ്ട് പരാജയപ്പെട്ടവനാകുന്നുമില്ല. മറ്റുള്ളവർ മുഴുവൻ നിങ്ങളെ വിജയിയായി അംഗീകരിക്കുമ്പോഴും സ്വയം വിജയിയായോ അല്ലെങ്കിൽ ആത്മാവിൽ പോലും സ്വന്തം വിജയങ്ങളെയോർത്ത് അഭിമാനിക്കാനോ സന്തോഷിക്കാനോ കഴിയുന്നില്ലെങ്കിൽ നമ്മുടെ വിജയങ്ങൾക്കെന്തു പ്രസക്തി?

> ***ഒരിക്കലെങ്കിലും പരാജയപ്പെട്ടവനേ വിജയത്തിന്റെ മാധുര്യം ആസ്വദിക്കാനാവൂ***

സുജിത് തോമസ് *



# ഒരു പുട്ട് പുരാണം

**പറമ്പിലും പാടത്തും പണിക്കാർ ഉള്ള തറവാടുകളിലും കൂട്ടുകുടുംബങ്ങളിലുമൊക്ക കപ്പയും ചക്കയും ചോറും പ്രഭാത ഭക്ഷണം ആയിരുന്ന അക്കാലത്ത് അപ്പം, പുട്ട്, പൂരി ഇതൊക്കെ വല്ലപ്പോഴും മാത്രം കിട്ടിയിരുന്ന വിശിഷ്ട ഭോജ്യങ്ങൾ ആയിരുന്നു.**

ഗൃഹാതുരത്വം ഉണർത്തുന്ന പുട്ടും ഏത്തപ്പഴം പുഴുങ്ങിയതും-ബാല്യത്തിൽ ഏറ്റവും ഇഷ്ടപ്പെട്ട പ്രാതൽ വിഭവങ്ങളിൽ ഒന്ന് ഇതുതന്നെ ആയിരുന്നു. തറവാട്ടിലെ പടിഞ്ഞാറെപ്പുരയുടെ പിറകിലും തെക്കിനിയുടെ ഇടത് വശത്തുള്ള തൊടിയിലുമായിരുന്നു ഏത്തവാഴകൾ നിന്നിരുന്നത്. വാഴ കുലക്കുമ്പോളേ ഞാൻ കണ്ണിൽ എണ്ണ ഒഴിച്ച് കാത്തിരുന്നത് അതു മൂത്ത പരുവം ആകുന്ന ആ ദിവസത്തിനു വേണ്ടിയാണ്.

വാഴച്ചുണ്ടിൽ ഞാന്നു കിടന്നു തേനുണ്ട ഓലെഞ്ഞാലി കുരുവികളും അവയെ ഓടിച്ചു വിട്ടിട്ട് തേനുണ്ണാൻ വന്ന അണ്ണാൻ കുഞ്ഞിനെയും തെക്കിനിയുടെ കോലായിൽ ഇരുന്നു സാകൂതം വീക്ഷിച്ചിരുന്നത് ഓർമ്മയിൽ ഇന്നും മായാത്ത ചിത്രം പോലെ നിൽക്കുന്നു. കാര്യസ്ഥൻ രാമൻകുട്ടി, നാടൻ ഏത്തക്കുല വെട്ടി പത്തായപ്പുരയിൽ എത്തിക്കും. സ്വതവേ എന്തിനും ഏതിനും അഭിപ്രായം പറയുന്ന അയാൾ, താൻ ചെയ്യുന്ന ഈ കർമ്മം ഏറെ ഭാരപ്പെട്ടതും മഹത്തായതുമാണെന്ന മട്ടിൽ കുട്ടികളായ ഞങ്ങളോട് നീണ്ട പ്രഭാഷണം നടത്തും. ഏതണ്ടനും അടകോടനും വെട്ടിയാൽ വാഴക്കുല യഥാകാലത്ത് പഴുക്കില്ലെന്നും വാഴക്കുല യഥാകാലം പഴുക്കാൻ തന്റെ ഐശ്വര്യമുള്ള കരങ്ങൾ തന്നെ വേണമെന്നായിരുന്നു അയാൾ സമർത്ഥിച്ചിരുന്നത്.

കാര്യസ്ഥയായ ഭാനുമതിയമ്മ, നാലും കൂട്ടി മുറുക്കി ചുവപ്പിച്ച്, അവരുടെ നീല റൗക്കയും മുണ്ടും ഒന്നുകൂടെ അമർത്തിയുടുത്ത് കെട്ടിലമ്മയുടെ ഭാവത്തോടെ ചൂട്ടിൽ തീ കത്തിച്ചു വാഴക്കുലയിൽ കാണിച്ചു ചാക്കിൽ കെട്ടി കിഴക്കിനിയുടെ തട്ടിൻപുറത്തു കെട്ടി തൂക്കും. എന്നിട്ട് ഞങ്ങൾ കുട്ടികളോട് വാഴക്കുലക്ക് മറുത കാവലുണ്ടെന്ന ഇല്ലാക്കഥ ചമച്ച് അവിടെ നിന്നും വിരട്ടിയോടിക്കും. അവരുടെ ഈ അഭ്യാസപ്രകടനം കണ്ടാൽ ഭരണങ്ങാനം പഞ്ചായത്തിലെ റോഡ് ഉദ്ഘാടനം ചെയ്യാൻ പോകുന്ന മട്ടുണ്ടെന്ന് ഞങ്ങൾ അവർ കേൾക്കാതെ അടക്കം പറഞ്ഞു ചിരിക്കും.

മൂലേൽ പീടികയിലെ ദേവസിക്കുട്ടിയുടെ പക്കൽ നിന്നും വാങ്ങി കഴുകി ഉണക്കിയ പച്ചരി പൊടി

> ***പ്രശ്നങ്ങളില്ലാതെയും അദ്ധ്വാനിക്കാതെയും സ്വന്തമാക്കുന്ന നേട്ടങ്ങൾ വിജയങ്ങൾ തന്നെ. പക്ഷേ അവ ചരിത്രമാകുന്നില്ലെന്ന് മാത്രം***

പ്പിക്കൽ ആണ് അടുത്ത യജ്ഞം. പതിവ് തെറ്റാതെ എന്നും രാവിലെ പത്രം വായിക്കാൻ ഹാജർ വെച്ച് വടക്കിനി മുറ്റത്തെ അരമതിലിൽ, ദീക്ഷ നീട്ടിയ ഒരു മുനികുമാരനെപ്പോലെ ആരോടും ഒന്നും ഉരിയാടാതെ ഏതോ ഗന്ധർവ്വ ലോകത്തു എപ്പോളും വിരാജിക്കുന്നുവെന്ന് തോന്നുമാറ് സദാ വിദൂരതയിൽ ദൃഷ്ടി ഉറപ്പിച്ചിരിക്കുന്ന ജോണിക്കുട്ടിയെ അമ്മ അരി പൊടിപ്പിക്കാനായി, രണ്ടു കിലോമീറ്റർ അകലെയുള്ള മറ്റപ്പള്ളിൽ മില്ലിലേക്ക് പറഞ്ഞുവിടും. ജോണിക്കുട്ടി ഒരു വഴിക്ക് പോയാൽ തിരിച്ച് വരവ് എപ്പോൾ ആണെന്നത് സാക്ഷാൽ ദേവന്മാർക്കു പോലും പ്രവചനാതീതം ആണെന്നത് നാട്ട് ചൊല്ല്. നല്ല സ്വഭാവം ആണെങ്കിൽ അയാൾ നേരത്തും കാലത്തും പൊടിച്ചു കൊണ്ടുവന്നിരിക്കും. അല്ലെങ്കിൽ അത് മില്ലിൽ തന്നെ വെച്ചിട്ട് ആ വഴി ദേശാടനത്തിന് പൊയ്ക്കളയും.

കാ പഴുത്തു കഴിയുമ്പോൾ അമ്മ അപ്പച്ചെമ്പിൽ പുഴുങ്ങി ചൂടാറാനായി മാറ്റി വെക്കും. വറുത്തു പൊടിച്ച പുട്ട് പൊടി വെള്ളത്തിൽ നനയ്ക്കുമ്പോൾ വരുന്ന വാസന ആസ്വദിക്കാൻ, അമ്മയുടെ സിൽബന്തി ചമഞ്ഞ് ഞാൻ എന്റെ നാസാരന്ധ്രങ്ങൾ സർവ്വത്ര തുറന്നു പിടിച്ച്, അടുക്കളപ്പടിയിൽ ആസനസ്ഥനാകും. പുട്ട് പൊടി നനയ്ക്കുമ്പോൾ ഉണ്ടാകുന്ന വാസനയെ, വേനൽ മഴയേറ്റ് ഹർഷപുളകിതമാകുന്ന ഭൂമിയുടെ ഗന്ധത്തോട് ഉപമിക്കാൻ ആണ് എനിക്കിഷ്ടം. ഈ രണ്ടു മണങ്ങളും എന്റെ മനസ്സിനെ വല്ലാതെ സന്തോഷിപ്പിക്കുന്നു.



പുട്ടിനിടയ്ക്ക് ഇടാനുള്ള തേങ്ങ ചിരകാൻ പോകുന്ന രാധയെന്ന തരളചിത്തയെ പറ്റിക്കൂടി ചിരണ്ടിയ തേങ്ങയിൽ പകുതി വശത്താക്കാൻ കുട്ടികൾക്ക് നിഷ്പ്രയാസമാണ്. രാധ കുട്ടികളുടെ ഏതാഗ്രഹത്തിനും കുടപിടിക്കും, ചിലപ്പോൾ മുതിർന്നവരുടെ ശാസനക്കിരയാകും, അതൊന്നുമേ തനിക്ക് ബാധകം അല്ലെന്ന വണ്ണം വീണ്ടും കുട്ടികളെ സഹായിക്കും.

നേരമത്രയും ചിരകിയിട്ടും കിണ്ണത്തിൽ ആവശ്യത്തിന് തേങ്ങ നിറയാത്തതെന്തെന്ന ചോദ്യവുമായി കാർക്കശ്യഭാവത്തിൽ ഭാനുമതിയമ്മ എത്തുമ്പോഴേക്കും ഞങ്ങൾ അറപ്പുര വാതിലിന്റെ പുറകിൽ ഒളിച്ചിരിക്കും. അടുപ്പിൽ നിന്നും പുഴുങ്ങിയ പുട്ടിന്റെ മണം വന്നു തുടങ്ങുന്നതേ അറപ്പുര വാതിലിന്റെ മറവിൽ നിന്നോടി അടുക്കളയിലെ പാതകച്ചുവട്ടിൽ സന്നിഹിതനാകും, എന്തിനെന്നോ? പുട്ട് പൊട്ടാതെ കുത്തിയിടുന്നത് കാണാൻ. ചൂടാറിയ പുട്ടിനോടൊപ്പം അമ്മ ഏത്തപ്പഴം കുഴച്ചു ഒരു വലിയ ഉരുളയും കുറേ ചെറിയ ഉരുളയും ആക്കി കഴിക്കാൻ തരും. ഓരോ ഉരുളയും വായിലേക്ക് വെക്കുമ്പോൾ എന്തൊരു സംതൃപ്തി, ഹോ... ആ രുചി വർണ്ണിക്കാൻ വാക്കുകൾ ഇല്ലാതെ പോകുന്നു.

തീക്കോയിക്കടുത്ത മാർമലയിൽ നിന്നും അമ്മയുടെ വല്യമ്മാവൻ വർക്കി വള്ളിക്കാപ്പൻ വല്ലപ്പോഴും സന്ദർശനത്തിന് പ്രവിത്താനത്ത് വരും. വന്നാൽ ഒരു ദിവസം തറവാട്ടിൽ തങ്ങാതെ പോകാറില്ല. വർക്കിച്ചനച്ചൻ വന്നാൽ പ്രിയ പ്രാതൽ ആയ പുട്ടും കാ പുഴുങ്ങിയതും എന്തായാലും കഴിപ്പിച്ചേ അമ്മ വിടാറുള്ളൂ. കിഴക്കുള്ളവർക്ക്, പ്രത്യകിച്ചും എന്നും പറമ്പിലും പാടത്തും പണിക്കാർ ഉള്ള തറവാടുകളിലും കൂട്ടുകുടുംബങ്ങളിലുമൊക്കെ കപ്പയും ചക്കയും ചോറും പ്രഭാതഭക്ഷണം ആയിരുന്ന അക്കാലത്ത് അപ്പം, പുട്ട്, പൂരി ഇതൊക്കെ വല്ലപ്പോഴും മാത്രം കിട്ടിയിരുന്ന വിശിഷ്ട ഭോജ്യങ്ങൾ ആയിരുന്നു. ഇന്നും പുട്ടും കാ പുഴുങ്ങിയതും കണ്ടാൽ കുട്ടിക്കാലത്തേക്ക് ഒരു വേള ഞാൻ മടങ്ങിപ്പോകും. ഈ ഓർമ്മകളൊക്കെ ഒരിക്കൽ കൂടെ മനസ്സിൽ മിന്നി മറയും, ഓർമ്മകൾക്ക് മരണമില്ലല്ലോ.

*** സ്പെഷ്യലിസ്റ്റ് പീഡിയാട്രിക് സ്ലീപ് ഫിസിയോളജിസ്റ്റ്, ഇംഗ്ലണ്ട്**

*വിജയിക്കുന്നവന് വിശദീകരണങ്ങൾ ആവശ്യമില്ല, പരാജയപ്പെടുന്നവനാകട്ടെ വിശദീകരിക്കാൻ അവകാശവുമില്ല*

# PRABHATH
## RESIDENTIAL PUBLIC SCHOOL

Pallimukal, Karimugal, Kochi, Kerala- 682303
Ph: 0484 2682880

Affiliated to CBSE
No 930414



Prabhath Residential Public School, is for boys and girls, situated at Karimugal nearly 25 km away from Cochin City and 5 Km away from Kochi Refinery. It is special place, where the student, parents, teaching and non teaching staff work together with a common mission and shared goals to prepare our children to be productive citizens of this era.

**FACULTIES**
Our school consists of well trained and expanded set of teachers work together for fulfilling the deeds of CCE

**MANAGEMENT VISION**
Goal of education is change or improve the standard of our society and overcoming the difficulties of negative transformation. The indications of changes are to be valued only if curriculum become more concentrated.

**FACILITIES**
We possess wide breeze, Hygienic clean rooms which make students always Vitalitic and enthusiastic.

GABORONE UNIVERSITY COLLEGE OF LAW AND PROFESSIONAL STUDIES

***Prabhath offers***

***a great opportunity to mould your future in the lap of Gaborone University College of Law & professional studies, Botswana***

LABORATORIES ● LIBRARY AND READING ROOM ● TRANSPORTATION ● COMPUTER EDUCATION ● DIGITAL CLASSROOMS ● REST/SICK ROOM ● FIRST AID AND FIRE SAFETY EQUIPMENTS ● SCHOLASTIC AND ECO FRIENDLY CLUBS ● RSL , S.D & GARDENING ● PARENT TEACHERS AWARENESS CLASSES

**www.prabhathresidentialschool.com**

Printed and Published by Shoby G.V, Phone: 9497318531, Printed at Don Bosco Igact,
N.H. Bypass, Near EMC, Kochi-28 (Page 24)